# ദി ഡിഫെൻഡർ

Vol. No. 9 Issue No. 24 RNI Reg. No. 68089 / 97 Published From Perumbavoor 2006 DECEMBER 16 Price: Rs.100/- P.A.

# ടി.എസ്.ഏബ്രഹാമിനും കെ.എം.ജോസഫിനും മാനനഷ്ടക്കേസ്സിൽ സമൻസ്

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് ആയിരുന്ന ടി.എസ്.ഏബ്രഹാമിനും ജനറൽ സെക്രട്ടറി ആയിരുന്ന കെ.എം. ജോസഫിനും എതിരെ മാനനഷ്ട ക്കേസ്സ് ഉണ്ടായിരിക്കുന്നു. പീച്ചി (തൃശൂർ) സ്വദേശിയും ഐ.പി.സി അംഗവുമായ ദാനിയേലാണ് കേസ്സ് ഫയൽ ചെയ്തിരിക്കുന്നത്. കേസ്സിൽ പ്രാരംഭ വാദം കേട്ട തൃശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതി നമ്പർ-3 പ്രതികൾക്ക് സമൻസ് അയയ്ക്കാൻ ഉത്തരവിട്ടു. കേസ്സ് ഇനി ജനുവരി 6ന് പരിഗണിക്കും.

2005 ജൂൺ 6ന് കുമ്പനാട്ട് നടന്ന ഐ.പി.സി ജനറൽ കൗൺസിൽ യോഗത്തിൽ വാദിയായ ദാനിയേൽ അനധികൃതമായി കടന്നു കയറി ബഹളമുണ്ടാക്കിയെന്നും അതുകൊണ്ട് ദാനിയേലിനെതിരെ അച്ചടക്ക നടപടി എടുക്കണമെന്നും കാണിച്ച് അന്നത്തെ ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം, ജനറൽ സെക്രട്ടറിയായ കെ.എം.ജോസഫ് എന്നിവർ കേരള സ്റ്റേറ്റ് കൗൺസിലിന് 31-8-05ൽ അയച്ച കത്താണ് കേസ്സിന് ആധാരം. (ഈ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു).

ഈ പ്രശ്നം കേരള സ്റ്റേറ്റ് കൗൺസിൽ പരിഗണിക്കുകയും ദാനിയേലിനോട് വിശദീകരണം ചോദിക്കയും ചെയ്തു. കത്തിൽ പറയുന്ന ദിവസം താൻ കുമ്പനാട്ട് വരികയോ ഈ യോഗത്തിൽ പങ്കെടുക്കുകയോ ചെയ്തില്ല എന്നു ചൂണ്ടിക്കാട്ടി ദാനിയേൽ മറുപടി കൊടുത്തു. സംഭവ ദിവസം താൻ ജോലി ചെയ്യുന്ന ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ തൃശൂരുള്ള ഓഫീസിൽ പൂർണ്ണ സമയവും താൻ ഉണ്ടായിരുന്നതായി ഓഫീസ് രേഖകൾ വ്യക്തമാക്കുന്നുണ്ടെന്നും ദാനിയേൽ അറിയിച്ചു. അങ്ങനെ ദാനിയേൽ നിരപരാധിയാണെന്ന് സ്റ്റേറ്റ് കൗൺസിലിന് ബോദ്ധ്യമാകുകയും വിവരം ജനറൽ കൗൺസിലിനെ അറിയിക്കുകയും ചെയ്തു.

നിരപരാധിയായ തനിക്കെതിരെ ആരോപണം ഉന്നയിച്ച് കത്ത് തയ്യാറാക്കി പരസ്യപ്പെടുത്തിയതുമൂലം തനിക്കുണ്ടായ അപമാനത്തിന് പരിഹാരം വരുത്തുവാൻ ആ കത്ത് പിൻവലിച്ച് മാപ്പു പറയുകയും താൻ നിരപരാധിയാണെന്ന് പരസ്യപ്പെടുത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ട് ദാനിയേൽ അയച്ച വക്കീൽ നോട്ടീസ് ഫലം കണ്ടില്ല. ദാനിയേൽ നിരപരാധിയാണെന്ന് വ്യക്തമായിട്ടും അദ്ദേഹത്തിനെതിരെ സഭാനേതാക്കൻമാർ ഉന്നയിച്ച ആരോപണങ്ങൾ പിൻവലിച്ച് പരസ്യമായി മാപ്പു പറയാൻ അവർ തയ്യാറായില്ല. അതുകൊണ്ട് ദാനിയേൽ മാനനഷ്ടക്കേസ്സ് ഫയൽ ചെയ്യുകയായിരുന്നു. ദാനിയേൽ നിരപരാധിയാണെന്ന് സമ്മതിച്ച് കത്ത് പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ ഈ പ്രശ്നം രമ്യമായി പരിഹരിക്കപ്പെടുമായിരുന്നു.

ഇന്ത്യൻ പീനൽ കോഡ് 499, 500, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ്സ് ചാർജ് ചെയ്തിരിക്കുന്നത്. പ്രതികൾ കോടതിയിൽ ഹാജരായി ജാമ്യം എടുക്കണം. കുറ്റം തെളിയിക്കപ്പെട്ടാൽ രണ്ടു വർഷം വരെ നീളാവുന്ന തടവുശിക്ഷ ലഭിക്കാം.

സഭാനേതാക്കൻമാർക്കെതിരെ കേസ്സ് കൊടുത്തതിനാൽ വാദിയായ ദാനിയേലിനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കാൻ ശ്രമം നടക്കുന്നുണ്ട്. കെ.പി.കുര്യൻ, ഏബ്രഹാം ഷാജി എന്നീ പാസ്റ്റർമാരെ പുറത്താക്കിയതുപോലെ ദാനിയേലിനേയും പുറത്താക്കാം എന്നാണ് ഇവർ കരുതുന്നത്. പക്ഷേ പാസ്റ്റർമാരെ പുറത്താക്കുന്നത്ര എളുപ്പമല്ല വിശ്വാസിയെ പുറത്താക്കുന്നത് എന്ന വസ്തു ഈ നേതാക്കൻമാർക്ക് അറിഞ്ഞുകൂടാ.

സഭാനേതാക്കൻമാർ ദൈവതുല്യരാണെന്നും അവർക്ക് എന്തും ചെയ്യാമെന്നും ഉള്ള ധാരണയിലാണ് പെന്തക്കോസ്ത് നേതാക്കൻമാർ ഇത്തരം തോന്ന്യാസങ്ങൾ കാണിക്കുന്നത്. പാവപ്പെട്ട പാസ്റ്റർമാരെ വിരട്ടാൻ നേതാക്കൻമാർക്ക് കഴിയാറുണ്ടെങ്കിലും വിശ്വാസികളുടെ മുൻപിൽ ഈ തന്ത്രം പാളുമെന്ന് ഇതോടെ തെളിയുകയാണ്.

## ടി.എസ്.ഏബ്രഹാം ഇപ്പോഴും ഐ.പി.സി പ്രസിഡന്റ്തന്നെ



ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ് ആര്? സംശയം വേണ്ട, ടി.എസ്.ഏബ്രഹാം. പറയുന്നത് ഐ.പി.സി ജനറൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റാണ്. അതുകൊണ്ട് വിശ്വസിക്കയേ തരമുള്ളൂ.

ഡിഫെൻഡർ കള്ളം പറയുകയാണ് എന്ന് സംശയിക്കുന്നവർ ഉണ്ടാകാം. അങ്ങനെ സംശയിക്കുന്നവർ ipcgeneralcouncil.org എന്ന സൈറ്റ് സന്ദർശിക്കുക. അവിടെ ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായി ടി.എസ്.ഏബ്രഹാമിന്റെ പേരാണ് പറഞ്ഞിരിക്കുന്നത്. ജനറൽ സെക്രട്ടറി കെ.എം. ജോസഫും. മറ്റു ഭാരവാഹികളും പഴയവർ തന്നെ. കെ.സി.ജോൺ, വൽസൻ തമ്പുരാൻ തുടങ്ങിയവരുടെ പൊടിപോലുമില്ല. ഇതെന്തു മറിമായം? വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ ടി.സ്.ഏബ്രഹാം പ്രസിഡന്റിന്റെ കസേരയിൽ വിലസുകയാണ്.

# വരുന്നൂ പിച്ചും പേയും എറണാകുളത്ത്



പിച്ചും പേയും എറണാകുളത്തെത്തുന്നു. 2007 ജനുവരി 17ന് അംബേദ്ക്കർ സ്റ്റേഡിയത്തിലാണ് സംഭവം നടക്കുന്നത്. ഇംഗ്ലണ്ടിൽ നിന്നെത്തുന്ന ഡിലിറിയസ് എന്ന ഗായകസംഘമാണ് ഈ പരിപാടി നടത്തുന്നത്.

ഡിലിറിയസ് എന്ന വാക്കിന് "പിച്ചും പേയും പറയുന്ന" എന്നാണ് അർത്ഥം. ഇവർ ആത്മീയ ഗാനങ്ങളാണ് പാടുന്നത് എന്നും പറയപ്പെടുന്നു. ഒരു ഗാനത്തിന്റെ പേര് "King of Fools" (വിഡ്ഢികളുടെ രാജാവ്) എന്നാണ്. (പേജ് 5 കാണുക).

ഇത്തരം ഗായകസംഘങ്ങൾക്കെല്ലാം പൊതുവായ ചില സ്വഭാവ വിശേഷതകളുണ്ട്. (ആറാം പേജിലെ ലേഖനം നോക്കുക) ആത്മീയരെന്ന് ഭാവിക്കുകയും ആത്മീയഗാനങ്ങൾ പാടുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുമെങ്കിലും ഇത്തരക്കാർ വീണ്ടും ജനനം പ്രാപിച്ചവരായിരിക്കില്ല. വചനവിരുദ്ധമായ ആശയങ്ങളായിരിക്കും ഇവരുടെ പാട്ടുകളിൽ ഉണ്ടാകുക. ഡിലിറിയസ് എന്ന പേരുപോലും ഇവരുടെ വചനവിരുദ്ധമായ നിലപാടുകളുടെ ലക്ഷണമാണ്.

ആത്മീയ ഗാനങ്ങളെന്ന പേരിൽ കോക്കാംപീച്ചി കാട്ടുന്ന ഒരു സംഘമാണ് ഇവരെ എറണാകുളത്ത് കൊണ്ടുവരുന്നത്. സാത്താനിസവുമായി അഭേദ്യ ബന്ധമുള്ളതാണ് ഇവർ പ്രചരിപ്പിക്കുന്ന സംഗീതശാഖ.

പാശ്ചാത്യമായ എന്തും ആവേശത്തോടെ സ്വീകരിക്കുന്ന പ്രവണത ഇന്ന് പെന്തക്കോസ്തിൽ ഏറി വരുകയാണ്. സായിപ്പിന്റെ ശരിയാണ് യഥാർത്ഥ ശരി എന്നതാണ് ഇത്തരക്കാരുടെ നിലപാട്. ക്രിസ്ത്യൻ റോക്ക് എന്ന സാത്താന്യ സംഗീതം സ്വീകാര്യത നേടിയത് ഈ വിധത്തിലാണ്. വചനപരിജ്ഞാനവും വിവേചനവരവും ഇല്ലാത്ത പാസ്റ്റർമാർക്ക് സാത്താനെ തിരിച്ചറിയാൻ കഴിയുന്നില്ല.

ഡിലിറിയസിന്റെ വരവ് പെന്തക്കോസ്ത് ഗായകരിൽ സ്വാധീനം ചെലുത്തിയേക്കാം. ഇതാണ് ആത്മീയ സംഗീതം എന്നു ധരിച്ച് ഈ വിവരദോഷികളും റോക്ക് സംഗീതം അനുകരിച്ചേക്കാം. കാലക്രമത്തിൽ റോക്ക് സംഗീതം കേട്ട് ആത്മാവിലാകുന്ന സ്ഥിതിയും ഉണ്ടാകാം. (മൂക്കോളം മുങ്ങിയാൽ മൂവാളോ നാലാളോ എന്നു നോക്കണോ?)

# ചവർ കാണാനില്ല

ചവർ കാണാനില്ല എന്നു കേൾക്കുമ്പോൾ കേരളത്തിലെ നഗരങ്ങളിൽ കെട്ടിക്കിടന്ന മാലിന്യങ്ങളെല്ലാം അപ്രത്യക്ഷമായെന്നും കേരളം മാലിന്യമുക്തമായെന്നും ആരും ധരിക്കേണ്ടതില്ല. കാരണം ചവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നഗരങ്ങളിലുള്ള ചവറല്ല പെന്തക്കോസ്തിലെ ആത്മീയ ചവറിനെയാണ്. കൃത്യമായി പറഞ്ഞാൽ പവ്വർ വിഷൻ എന്ന ചവർ ചാനലിനെ ആണ്. ഈ ചവറാണ് ഡിസംബർ ഒന്നു മുതൽ കാണാതായിരിക്കുന്നത്.

ചവർ ചാനൽ ഡിസംബർ ഒന്നു മുതൽ ഏഷ്യാനെറ്റ് കേബിളിൽ ലഭിക്കുന്നില്ല. കേരളത്തിലെ 99% കേബിൾ വരിക്കാരും ഏഷ്യാനെറ്റ് ആണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് വിരലിൽ എണ്ണാവുന്നവർ ഒഴികെ ആർക്കും ഇപ്പോൾ ചവർ കാണാൻ കഴിയുന്നില്ല.

എന്തുകൊണ്ടാണ് ഡിസംബർ ഒന്ന് മുതൽ ഏഷ്യാനെറ്റ് ചവറിന്റെ സംപ്രേക്ഷണം കേരളമൊട്ടുക്ക് നിർത്തിയത് എന്ന് അറിഞ്ഞുകൂടാ. ചവർ ഒരു വർഷം സംപ്രേക്ഷണം ചെയ്യുന്നതിന് 25 ലക്ഷം രൂപ നൽകണമെന്ന് ഏഷ്യാനെറ്റ് ആവശ്യപ്പെട്ടെന്നും കെ.സി.ജോൺ അത് നൽകാത്തതുകൊണ്ടാണ് ഏഷ്യാനെറ്റ് ചവറിന്റെ സംപ്രേക്ഷണം നിർത്തിയതെന്നും കേട്ടു. (വിശദ വിവരങ്ങൾ പിന്നാലെ).

## മോഷണായി ദുർന്നടപ്പുകാരനോ?

മൂന്നാം പേജ് കാണുക

ദി ഡിഫെൻഡർ

Vol. No.9  Issue No. 24  2006 December 16

# ദൈവനാമത്തിൽ വ്യാജവാഗ്ദാനം

ദൈവം വാഗ്ദത്തം ചെയ്യാത്ത കാര്യങ്ങൾ ദൈവീക വാഗ്ദത്തങ്ങളായി അവതരിപ്പിച്ച് ജനവഞ്ചന നടത്തിയാൽ വിശ്വാസവഞ്ചനയ്ക്ക് കേസ്സെടുക്കാൻ പറ്റില്ലെങ്കിലും ഈ പ്രവൃത്തി ഹീനമായ നടപടിയാണെന്ന് വ്യക്തം. ഇന്നത്തെ ഭൂരിപക്ഷം പ്രസംഗകരും ചെയ്യുന്നത് ഇതാണ് എന്ന് ദുഃഖത്തോടെ പറയട്ടെ.

ഫിലിപ്പ് പി.തോമസ് ചൂണ്ടിക്കാട്ടിയതുപോലെ നെയ്യില്ലാത്ത നെയ്യപ്പങ്ങളാണ് ഇന്നത്തെ സുവിശേഷ പ്രസംഗം. കർത്താവായ യേശുക്രിസ്തുവില്ല, ക്രൂശുമില്ല. ഉള്ളത് അനുഗ്രഹ വാഗ്ദാനങ്ങൾ മാത്രം. ഇതാ വരുന്നൂ അനുഗ്രഹം എന്നത്രേ പ്രസംഗകൻ പറയുന്നത്. ജോലി ഇല്ലാത്തവർക്ക് ജോലി, ജോലി ഉള്ളവർക്ക് പ്രമോഷൻ, കുട്ടികളില്ലാത്തവർക്ക് കുട്ടികൾ, വാഹനമില്ലാത്തവർക്ക് വാഹനം, വിദേശയാത്ര അങ്ങനെ എന്തെല്ലാം മോഹന വാഗ്ദാനങ്ങൾ. എല്ലാവിധ ഭൗതീക അനുഗ്രഹങ്ങളും കോരിച്ചൊരിയുന്ന കർത്താവ്. ഈ കർത്താവിന്റെ പിന്നാലെ ഇറങ്ങാൻ ആരായാലും കൊതിച്ചുപോകും.

നിന്റെ പൊതിച്ചോറ് എനിക്കു തന്നാൽ ഒരിക്കലും വിശക്കാതിരിക്കാനുള്ള മരുന്ന് തരാം എന്ന് പണ്ടൊരു വിദ്വാൻ പറഞ്ഞതുപോലെയാണ് സമൃദ്ധിയുടെ സുവിശേഷക്കാരുടെ പ്രസംഗം. നിങ്ങളുടെ പണം ഞങ്ങൾക്ക് തരിക. കർത്താവ് നൂറിരട്ടിയായി മടക്കിത്തരും. ഇങ്ങനെ നൂറിരട്ടി കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ ഈ പ്രസംഗകന് ഏതെങ്കിലും ബ്ലേഡ് കമ്പനിയിൽ നിന്ന് പണമെടുത്ത് കൺവെൻഷൻ നടത്താമായിരുന്നില്ലേ. നൂറിരട്ടി മടക്കി കിട്ടുമ്പോൾ ബ്ലേഡ് കമ്പനിയിലെ കടം വീട്ടിയിട്ട് ബാക്കി പണം സ്വന്തം പോക്കറ്റിൽ ഇടാമല്ലോ.

ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പ്പീൻ എന്നത്രേ കർത്താവ് പറഞ്ഞത്. അന്നന്നത്തെ അപ്പത്തിനായി പ്രാർത്ഥിക്കുവാനും പഠിപ്പിച്ചു. പക്ഷേ ഇന്നത്തെ പ്രസംഗകർ പഠിപ്പിക്കുന്നത് ഇതൊന്നുമല്ല. ഏറ്റവും വില കൂടിയ കാറ് ലഭിക്കാൻ കാറിന്റെ മോഡൽ, നിറം തുടങ്ങിയ വിശദാംശങ്ങൾ പറഞ്ഞ് പ്രാർത്ഥിക്കണം. വലിയ വീട് ലഭിക്കാൻ വീടിന്റെ പ്ലാൻ വരച്ചുവെച്ച് പ്രാർത്ഥിക്കണം. നിങ്ങളുടെ ഭോഗേച്ഛകളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിച്ചാൽ ഒന്നും ലഭിക്കയില്ല എന്ന് യാക്കോബ് പറഞ്ഞു. പക്ഷേ വിശദാംശങ്ങൾ പറഞ്ഞ് പ്രാർത്ഥിച്ചാൽ എന്തും ലഭിക്കുമെന്ന് ആധുനിക സുവിശേഷകർ പറയുന്നു.

ആർക്കാണ് തെറ്റു പറ്റിയത്? കർത്താവിനും ശിഷ്യൻമാർക്കുമാണോ? അതോ ഇന്നത്തെ സമൃദ്ധിക്കാർക്കോ? ദൈവമക്കളേ, നിങ്ങൾ വഞ്ചിക്കപ്പെടരുത്. ദൈവവചനമായ ബൈബിളിൽ ഉള്ള വാഗ്ദത്തങ്ങൾ പാലിക്കാൻ മാത്രമേ കർത്താവിന് ബാദ്ധ്യതയുള്ളൂ. സമൃദ്ധിക്കാർ പറയുന്നതെല്ലാം ചെയ്തുതരാനുള്ള ബാദ്ധ്യത കർത്താവിനില്ല.

# സത്യം സത്യമായി

മുടിയാൻ നേരത്ത് ചാത്തനേം കയറ്റി എന്നു പറഞ്ഞതുപോലെയാണ് എൻ.പി.സിക്ക് ഉണ്ടായ അനുഭവം. ആകെ മുടിഞ്ഞ് കുത്തുപാള എടുത്തു നിൽക്കുന്ന സമയത്താണ് ഡി.ഐ.സിയെ സ്വീകരിച്ചത്. എൽ.ഡി.എഫിന്റെ കരുണയിൽ ആശ്രയിച്ച് കഷ്ടിച്ച് നിലനിന്നിരുന്ന പാർട്ടിക്ക് ഇപ്പോൾ അതും ഇല്ലാതായി.

പാപി ചെല്ലുന്നിടം പാതാളം എന്നു പറഞ്ഞതുപോലെ ഡി.ഐ.സി ചെല്ലുന്നിടമെല്ലാം പാതാളമാകുകയാണ്. ആദ്യം എൻ.സി.ഐ എന്ന പേര് നഷ്ടമായി. പിന്നീട് ഇടതുമുന്നണി കൈവിട്ടു. യു.ഡി.എഫുമായി സഹകരിച്ച് ഇലക്ഷനെ നേരിട്ട് തോറ്റു തൊപ്പിയിട്ടു. ഒരു വഴിയും കാണാതായപ്പോൾ എൻ.സി.പിയിൽ ലയിച്ചു. അതോടെ എൻ.സി.പിയേയും കഷ്ടകാലം ബാധിച്ചു. ഇനി എന്തുചെയ്യും?

യു.ഡി.എഫിലേക്ക് മടങ്ങുമോ? ആ സാദ്ധ്യത തള്ളിക്കളയാനാവില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അത് സംഭവിച്ചതല്ലേ. കോൺഗ്രസ്സ് സംസ്ക്കാരമുള്ളവരുടെ ഒത്തുചേരൽ എന്നൊരു സുന്ദരൻ പേരും റെഡി. കേന്ദ്രത്തിലും മഹാരാഷ്ട്രയിലും ഒക്കെ ഇപ്പോൾത്തന്നെ ഭായി ഭായി ആണല്ലോ. ബി.ജെ.പി ശരണം ഗശ്ചാമി എന്നു പറയാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. വർഗ്ഗീയ പാർട്ടികളുമായി കൂട്ടുകൂടില്ല എന്നു പറഞ്ഞത് പ്രശ്നമാകില്ല. ബി.ജെ.പി എന്നത് ഭാരതത്തിലെ ജനങ്ങളുടെ പാർട്ടിയാണെന്നും വർഗ്ഗീയത അശ്ശേഷമില്ലെന്നും വ്യാഖ്യാനിച്ചാൽ പ്രശ്നം തീരും.

യു.ഡി.എഫ് അഞ്ചു വർഷം കൊണ്ട് നേടിയത് എൽ.ഡി.എഫ് ആറു മാസം കൊണ്ട് നേടിയിരിക്കുന്നു. സംഗതി ഒന്നാംതരമാകുന്നുണ്ട്. ജനപിൻതുണയുടെ കാര്യമാണ് പറഞ്ഞു വരുന്നത്. നൂറു പേരുടെ പിൻതുണയുമായി ഭരണം ആരംഭിച്ച എൽ.ഡി.എഫ് സർക്കാരിന് ഇപ്പോൾ പൊതു തെരഞ്ഞെടുപ്പ് നടത്തിയാൽ 50 സീറ്റുപോലും ലഭിക്കയില്ല. യു.ഡി.എഫിനെ വെല്ലുന്ന തമ്മിൽത്തല്ലാണ് എൽ.ഡി.എഫിൽ നടക്കുന്നത്.

പ്രതിപക്ഷത്തിരുന്ന് യു.ഡി.എഫ് സർക്കാരിനെ കുറ്റം പറയാൻ നല്ല രസമായിരുന്നു. നീട്ടിയും കുറുക്കിയും ഒക്കെ അത് പറഞ്ഞപ്പോൾ ജനത്തിന് രസിക്കയും ചെയ്തു. ഇവരെ അധികാരത്തിൽ ഏറ്റിയാൽ കണ്ണില്ലാത്തതെല്ലാം പൊന്നാക്കും എന്ന് ജനത്തിന് തോന്നിയതിൽ അത്ഭുതമില്ല. പക്ഷേ ആറു മാസം കൊണ്ട് ജനം പാഠം പഠിച്ചു.

യു.ഡി.എഫിന് തിരുവമ്പാടിയിൽ കനത്ത പ്രഹരം ഏല്പിച്ചു എന്നാണ് ഇടതുപക്ഷം പറയുന്നത്. 124 വോട്ടർമാർ കൂടി യു.ഡി.എഫിന് അനുകൂലമായി ചിന്തിച്ചിരുന്നെങ്കിൽ പ്രഹരത്തിന്റെ കഥ മറ്റൊന്നാകുമായിരുന്നു എന്ന് ഇവർ മറക്കുന്നു. ആറു മാസം മുൻപ് യു.ഡി.എഫ് പക്ഷത്തായിരുന്ന ഡി.ഐ.സി കൂടി എൽ.ഡി.എഫിന് വോട്ടു ചെയ്തിട്ടും കിട്ടിയത് 246 വോട്ടിന്റെ ഭൂരിപക്ഷം മാത്രം.

ഭരണത്തെ എങ്ങനെ നോക്കിക്കാണുന്നു എന്ന് ജനം വോട്ടിലൂടെ പറഞ്ഞിട്ടും എൽ.ഡി.എഫിലെ ഏമാൻമാർക്ക് കാര്യം പിടികിട്ടിയിട്ടില്ല. തമ്മിൽതല്ല് തൊഴിലാക്കിയ യു.ഡി.എഫിനെ മൂലക്കിരുത്തിയ ജനത്തിന് എൽ.ഡി.എഫിനെ കൈകാര്യം ചെയ്യാനും അറിയാം. അതുകൊണ്ട് കളി അല്പം സൂക്ഷിച്ചു മതി.

പ്രതിപക്ഷത്തിരുന്നപ്പോൾ സ്മാർട്ട് സിറ്റി മോശം, എ.ഡി.ബി മോശം, എല്ലാം മോശം. പക്ഷേ ഭരണപക്ഷത്തായതോടെ എല്ലാം ബഹുത്ത് അഛാ ആയി. സ്മാർട്ടാകുന്നത് തെറ്റല്ല. എ.ഡി.ബി വായ്പ ഒന്നാംതരം. ഇതിനെയൊക്കെ എതിർക്കുന്നവർ മഹാപാപികൾ. ഇതിനല്ലേ സാറേ വൈരുദ്ധ്യാധിഷ്ഠിത ഭൗതീക വാദം എന്നൊക്കെ പറയുന്നത്.

ഏറ്റവും വലിയ അഴിമതി ഏത്? കെ.ടി.പി.സി എന്ന് ഭരണപക്ഷം. ലാവ്‌ലിൻ എന്ന് പ്രതിപക്ഷം. കെ.ടി.പി.സിയേക്കുറിച്ച് അന്വേഷണം നടത്തിയാൽ അഴിമതി ഇല്ലാതാകുമെന്ന് സർക്കാർ. ലാവ്‌ലിൻ പ്രശ്നം സി.ബി.ഐ അന്വേഷിച്ചാൽ അഴിമതിവിരുദ്ധരുടെ തനിനിറം പുറത്താകുമെന്ന് പ്രതിപക്ഷം. എല്ലാം കണ്ടും കേട്ടും ജനം വണ്ടറടിക്കുന്നു.

വ്യാജ സി.ഡി വേട്ട അസ്സലായി. എൽ.ഡി.എഫ് സർക്കാർ അഴിമതിയില്ലാത്തതാണെന്ന് വ്യക്തമായി എന്നതാണ് പ്രധാന നേട്ടം. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ ഉടമസ്ഥതയിലുള്ള സ്റ്റുഡിയോയിൽ റെയ്ഡ് നടത്താൻ എത്തിയ പോലീസ് ഉദ്യോഗസ്ഥന് മിനിട്ടുകൾക്കകം എസ്.എം.എസ്സിലൂടെ സ്ഥലം മാറ്റം. ഭരണത്തിന് വേഗം പോരാ എന്ന് ആരാണ് പറഞ്ഞത്? പക്ഷേ ഈ ഉദ്യോഗസ്ഥന് ജോലി തിരിച്ചു നൽകാനുള്ള ഉത്തരവ് ഇറക്കാൻ ദിവസങ്ങൾ വേണ്ടിവന്നു. എസ്.എം.എസ് അയക്കാൻ അച്യുതാനന്ദന് അറിയില്ലെന്ന് തീർച്ച.

ഭരണം കാര്യക്ഷമമാക്കാൻ എസ്.എം.എസ് ഒരു സ്ഥിരം പരിപാടിയാക്കാനുള്ള സാദ്ധ്യത സർക്കാർ പരിഗണിക്കണം. കാലം മാറുന്നതനുസരിച്ച് കോലവും മാറണമല്ലോ. എസ്.എം.എസ് അയയ്ക്കാൻ അറിയാത്തവരെ മന്ത്രിമാരാക്കുകയില്ല എന്നുകൂടി തീരുമാനിച്ചാൽ സംഗതി ഒന്നാംതരമാകും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

ടി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.ടി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# മോഷണായി ദുർന്നടപ്പുകാരനോ?

മോഷണായി ഒന്നാം തരം തട്ടിപ്പുകാരനാണ് എന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. മറ്റുള്ളവരുടെ പുസ്തകങ്ങൾ കോപ്പിയടിച്ചും അവാർഡ് കൊടുത്തും മറ്റും പണമുണ്ടാക്കുന്ന പദ്ധതി വാർത്താപ്രാധാന്യം നേടിയിരുന്നു. എന്നാൽ ഈ ചങ്ങാതി ദുർന്നടപ്പുകാരനാണെന്നത് ഏറെപ്പേർ അറിയാത്ത രഹസ്യമാണ്.

ഏതാനും വർഷം മുൻപ് മോനായി വേങ്ങൽ സഭയിൽ ശുശ്രൂഷകനായിരുന്നു. അക്കാലത്ത് നടന്ന ഒരു സംഭവമാണ് പറയാൻ പോകുന്നത്. (സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് വാർത്തകൾ കൊടുക്കുമ്പോൾ പീഡനത്തിന് ഇരയായ സ്ത്രീകളെ തിരിച്ചറിയാൻ ഇടയാക്കുന്ന വിധത്തിലുള്ള വിവരണങ്ങളോ ഫോട്ടോയോ പ്രസിദ്ധപ്പെടുത്തരുത് എന്നത് നിയമമാണ്. അതുകൊണ്ട് പീഡനത്തിനിരയായ സ്ത്രീയെ സംബന്ധിക്കുന്ന വിവരങ്ങൾ രഹസ്യമാക്കി വെയ്ക്കുന്നു).



മോനായി ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ച സ്ത്രീ ഐ.പി.സി നേതൃത്വത്തിന് കൊടുത്ത കത്തിലെ പ്രസക്ത ഭാഗങ്ങൾ ഇതാ:

''....... എന്റെ ഭർത്താവ് വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് പാസ്റ്റർ സി.പി.മോനായി എന്റെ വീട്ടിൽ വന്നു. അപ്പോൾ അച്ഛൻ മിറ്റത്തിരുന്ന് പത്രം വായിക്കുകയും അമ്മ തുണി കഴുകുകയും ആയിരുന്നു. വീട്ടിനകത്ത് പ്രവേശിച്ച മോനായി ഞാൻ തനിയെ ഉള്ളപ്പോൾ എന്റെ വയറിന് പിടിക്കുകയും എന്തുണ്ട് വിശേഷം എന്ന് ചോദിക്കയും ചെയ്തു. ഞാൻ ഭയന്ന് കുതറി പിറകോട്ട് മാറി. മോനായി ഉടൻതന്നെ പ്രാർത്ഥിച്ച് പോകുകയും ചെയ്തു. അടുത്ത ദിവസം പകൽ 11.30 ആയപ്പോൾ ഞാൻ തനിയെ വീട്ടിൽ ഇരിക്കയായിരുന്നു. ആ സമയത്ത് പാസ്റ്റർ മോനായി വീണ്ടും വീട്ടിൽ വന്നു. അടുത്തു ചെല്ലുവാൻ എന്നോട് ആവശ്യപ്പെടുകയും എന്നെ പിടിക്കുവാൻ വരുകയും ചെയ്തു. ഞാൻ ഭയന്ന് വെളിയിൽ ഇറങ്ങി. ഈ കാര്യം ഞാൻ അച്ഛൻ വന്നപ്പോൾ പറഞ്ഞു. തലേദിവസത്തെ സംഭവം അച്ഛൻ കണ്ടിരുന്നതാണ്. തുടർന്ന് എന്റെ ഭർത്താവിനോടും ഞാൻ വിവരം പറഞ്ഞു. അച്ഛൻ ഈ കാര്യം ചോദിക്കാൻ ചെന്നപ്പോൾ പാസ്ററർ മോനായി അച്ഛനെ ഭീഷണിപ്പെടുത്തി. പി.ജെ.കുര്യനും പോലീസും ഒക്കെ മോനായിയുടെ കൈയ്യിലാണ്. അവരെ ഉപയോഗിച്ച് എന്റെ ഭർത്താവിനേയും അച്ഛനേയും ജയിലിൽ അടയ്ക്കുമെന്ന് ഭീഷണിപ്പെടുത്തി. ആകയാൽ പാസ്റ്റർ മോനായിയെ വിളിച്ച് ചോദിച്ച് വേണ്ട നടപടികൾ എടുക്കണമെന്ന് അപേക്ഷിക്കുന്നു''.

സംഭവം വ്യക്തമാണല്ലോ. പരാതിക്കാരിയായ സ്ത്രീയുടെ പേരും ഒപ്പും പൂർണ്ണമായ വിലാസവും കത്തിലുണ്ട്.

ഈ കത്ത് കിട്ടിയിട്ട് ഐ.പി.സി നേതൃത്വം എന്തു നടപടി എടുത്തു? ഒരു നടപടിയും എടുത്തില്ല. വനിതാ ബൈബിൾ സ്ക്കൂളിൽ പഠിക്കാൻ എത്തിയ ഭൂരിപക്ഷം പെൺകുട്ടികളേയും വ്യഭിചരിച്ച ടി.എസ്.ഏബ്രഹാം, സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച കെ.സി.ജോൺ തുടങ്ങിയവരൊക്കെയാണ് ഐ.പി.സിയുടെ നേതാക്കൻമാർ. ഇവർ ചെയ്തിട്ടുള്ളവയുമായി തട്ടിച്ചു നോക്കുമ്പോൾ മോഷണായി ചെയ്തത് എത്രയോ ചെറിയ കാര്യമാണ്. മാത്രമല്ല, ഇതിലും വലിയ പല കഥകളും മോനായിയുടെ ഭാര്യക്ക് കെ.സി.ജോണിനേക്കുറിച്ച് പറയാൻ കഴിയുകയും ചെയ്യും. മോനായിക്കെതിരെ നടപടി എടുത്താൽ ഇങ്ങനെയുള്ള കുറെ പ്രശ്നങ്ങൾ ഉണ്ടാകും. അതുകൊണ്ട് നേതാക്കൻമാർ മിണ്ടിയില്ല. പിറ്റേവർഷം മോനായിക്ക് തിരുവല്ല സെന്ററിലെന്നല്ല പത്തനംതിട്ട ജില്ലയിൽപ്പോലും സഭ ലഭിച്ചില്ല. അതുകൊണ്ട് മോഷണായി അമ്മായിയപ്പന്റെ സെന്ററിലുള്ള പോത്തിൻകണ്ടം സഭയിൽ ഇപ്പോൾ ശുശ്രൂഷിക്കുന്നു.

# – വിശ്വാസം –
# ജേക്കബ് ഏബ്രഹാം വഹ

''വിശ്വാസം കേഴ്വിയാലും കേഴ്വി ദൈവത്തിന്റെ വചനത്താലും വരുന്നു'' എന്ന് ദൈവവചനം പറയുന്നു. പക്ഷേ ഇതൊന്നും ജേക്കബ് ഏബ്രഹാം എന്ന പണ്ഡിതൻ അംഗീകരിച്ചുതരികയില്ല. വിശ്വാസം എങ്ങനെയാണ് വരുന്നതെന്ന് അദ്ദേഹത്തിന് നന്നായറിയാം.

ചവറിൽ ജേക്കബ് ഏബ്രഹാം നടത്തിയ ഒരു പ്രസംഗത്തിലാണ് വിശ്വസത്തിന്റെ ഉല്പത്തിയെ സംബന്ധിച്ച ഈ മഹത്തായ മർമ്മം വെളിപ്പെടുത്തിയത്. 50:25:25 എന്ന റേഷ്യോയിലാണ് വിശ്വാസം ഉണ്ടാകുന്നത്. സ്വപ്നം 50 ശതമാനം, ദൈവവചനം 25 ശതമാനം, ദൈവത്തിന്റെ വക 25 ശതമാനം എന്നിങ്ങനെയാണ് ആ കണക്ക്.

യോസഫ് കണ്ടതുപോലെ സ്വപ്നം കാണുക. അപ്പോൾ വിശ്വാസത്തിന്റെ 50 ശതമാനം ഉണ്ടാകും. വചനം പഠിച്ചാൽ 25 ശതമാനംകൂടി ഉണ്ടാകും. ബാക്കി ദൈവം തരും. കണ്ടുപിടുത്തം മോശമല്ല. വിവിധ ചേരുവകൾ കൃത്യമായ അളവിൽ ചേർത്തുണ്ടാക്കുന്ന ഒരു മിശ്രിതമാണ് വിശ്വാസം എന്ന് ഇപ്പോഴെങ്കിലും വ്യക്തമായല്ലോ.

ഒരു സംശയം: യോസഫ് സ്വയം സ്വപനം കാണുകയായിരുന്നോ അതോ ദൈവം അത് ദർശനം എന്ന നിലയ്ക്ക് കൊടുത്തതാണോ? യോസഫ് സ്വന്ത ഇഷ്ടപ്രകാരം കണ്ട സ്വപ്നം യാഥാർത്ഥ്യമാകുകയാണെന്ന് സുബോധമുള്ളവർ പറയുമെന്ന് തോന്നുന്നില്ല. ഭാവിയിൽ സംഭവിക്കാനുള്ളത് ദൈവം ഇങ്ങനെ ഓരോരുത്തർക്കും കാണിച്ചുകൊടുത്താൽ മാത്രമേ വിശ്വാസത്തിന്റെ 50 ശതമാനം ഉണ്ടാകുകയുള്ളൂ എങ്കിൽ സാധാരണക്കാർ കുഴയുമെന്ന് തീർച്ച.

# കുഴപ്പങ്ങൾ ഉണ്ടാക്കിയത് സി. വി. മാത്യു

തൃശൂരിലും പരിസരത്തുള്ള ഐ.പി.സി സഭകളിൽ ഉണ്ടായിരിക്കുന്ന സകല പ്രശ്നങ്ങൾക്കും കാരണം ഗുഡ്ന്യൂസ് എഡിറ്ററായ സി.വി.മാത്യുവാണത്രേ. പറയുന്നത് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളാണ്. അങ്ങും ഇങ്ങും നിന്ന് പറയുകയല്ല സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ തികച്ചും ഔദ്യോഗികമായി പറയുകയാണ് ചെയ്തത്. അതുകൊണ്ട് സംഗതി ഗൗരവത്തിൽ എടുക്കണം.

ചുക്കു ചേരാത്ത കഷായമില്ല എന്നു പറഞ്ഞതുപോലെയാണ് സി.വി.മാത്യുവിന്റെ കാര്യം. തൃശൂരിലുള്ള ഏത് ഐ.പി.സി സഭയിൽ എന്തു പ്രശ്നമുണ്ടായാലും അതിന്റെ പിന്നിൽ സി.വിയുടെ കൈയുണ്ടാകും. ഏതെങ്കിലും പ്രാദേശിക സഭയിലെ പ്രശ്നമായാലും സെന്റർ വിഭജനത്തിന്റെ പ്രശ്നമായാലും സ്ഥിതി ഇതുതന്നെ. സി.വി.മാനസാന്തരപ്പെട്ടാൽ തൃശൂർ മാനസാന്തരപ്പെടും എന്നതാണ് ഇപ്പോഴുള്ള സ്ഥിതി. പക്ഷേ ഈ കാര്യം തുറന്നു പറയാൻ ആളില്ലായിരുന്നു. ഈ വൈകിയ വേളയിലെങ്കിലും ഇത് പറയാൻ കൗൺസിൽ അംഗങ്ങൾക്ക് ധൈര്യമുണ്ടായതിൽ സന്തോഷം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608


# ദിനകരൻ തിരുവല്ലയിൽ

ദിനകരനും പുത്രനും തിരുവല്ലയിൽ വരുന്നത്രേ. തിരുവല്ലയിലും പരിസരത്തുമുള്ള എല്ലാ സഭകളുടേയും സഹകരണത്തോടെയാണ് യോഗം നടത്തുന്നതെന്നും ചില പത്രങ്ങളിൽ കണ്ടു. ജനുവരി 25 മുതൽ 28 വരെയാണ് യോഗം.

സുവിശേഷം ഏറെയൊന്നും കേട്ടിട്ടില്ലാത്ത സ്ഥലം എന്ന പരിഗണനയിലാകാം തിരുവല്ല തിരഞ്ഞെടുത്തത്. ദിനകരനേപ്പോലൊരു കള്ളനെ സ്വീകരിക്കാൻ തിരുവല്ലയിലുള്ള എല്ലാ സഭകളും സഹകരിക്കുന്നു എന്നറിയുന്നതും സന്തോഷകരമാണ്. പഠിച്ചു പഠിച്ച് തിരുവല്ലാക്കാർ പണിക്കരായി എന്ന് തീർച്ച.

നമ്മളൊക്കെ ചന്തയിൽ പോയിട്ടു വരുന്നതുപോലെ മിക്ക ദിവസങ്ങളിലും സ്വർഗ്ഗത്തിൽ പോയിട്ട് വരുന്ന ആളാണ് ദിനകരൻ. ഈ മാന്യദേഹം സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ അദ്ദേഹത്തിന്റെ മരിച്ചുപോയ മകൾ ഓടിവന്ന് മടിയിൽ കയറി ഇരിക്കും. കുറെ സമയം ദൈവത്തോട് കുശലം പറഞ്ഞിട്ട് ദിനകരൻ മടങ്ങുകയും ചെയ്യും. ഇത്ര ശ്രേഷ്ഠനായ ദിനകരനെ തിരുവല്ലയിലുള്ള സഭകൾ സ്വീകരിക്കണം.

# നെയ്യപ്പം അസ്സലായി

നെയ്യപ്പം എന്ന പേരിൽ ഇപ്പോൾ ലഭിക്കുന്ന സാധനത്തിൽ നെയ്യ് അല്പംപോലും ഇല്ലാത്തതുപോലെ സുവിശേഷയോഗം എന്ന പേരിൽ ഇപ്പോൾ നടക്കുന്ന യോഗങ്ങളിൽ സുവിശേഷം അല്പം പോലും ഇല്ല എന്ന് പാസ്റ്റർ ഫിലിപ്പ് പി. തോമസ് പറയുന്നു. സ്വർഗ്ഗീയധ്വനിയിൽ (ഡിസംബർ 1) എഴുതിയ ''നെയ്യപ്പം പോലൊരു സുവിശേഷയോഗം'' എന്ന ലേഖനത്തിലാണ് അദ്ദേഹം ഈ കാര്യം പറയുന്നത്. തനിക്കുണ്ടായ ഒരു അനുഭവം അദ്ദേഹം വിവരിക്കുന്നു:

''രണ്ട് അനുഭവങ്ങൾ സൂചിപ്പിക്കട്ടെ. ഒന്ന്, പാലക്കാട്ട് ഒരു യോഗത്തിനു ചെന്നപ്പോൾ ഒരു ദൈവദാസൻ പറഞ്ഞതാണ്. അവിടെ നടന്ന ഒരു മഹായോഗത്തിൽ കേരളത്തിലെ പ്രസിദ്ധനായ ഒരു പാസ്റ്ററാണ് പ്രസംഗിച്ചത്. ഒന്നര മണിക്കൂർ പ്രസംഗിച്ചു. പക്ഷേ അറിഞ്ഞോ അറിയാതെയോ അദ്ദേഹം യേശു എന്ന പേര് ഉരിയാടിയില്ല. യിസഹാക്ക് വിതച്ചതും നൂറുമേനി കൊയ്തതുമായിരുന്നു സമൃദ്ധിയുടെ സുവിശേഷമായി പ്രസംഗിച്ചത്. യിസഹാക്കിന്റെ സമൃദ്ധി കണ്ടപ്പോൾ ദൈവം അവനോടുകൂടി ഉണ്ടെന്ന് മാലോകർ മനസ്സിലാക്കി പോലും.

രണ്ടാമത്തെ അനുഭവം: സ്ഥലപ്പേര് പറയാൻ പറ്റില്ല. ഞാൻ പ്രസംഗിക്കുന്നതിനു മുൻപ് സംഘാടകർ ചെവിയിൽ പറഞ്ഞ കാര്യമാണ്: ''ഇന്നലെ അവറാച്ചനായിരുന്നു. നല്ല ഇളക്കമായിരുന്നു. ഇന്ന് അച്ചായൻ അടിച്ചു കലക്കണം. ഞങ്ങൾ പുറകിലുണ്ട്.'' ഞാൻ ഇരിക്കുവോളം അവർ ആത്മാർത്ഥമായി ഏലായിട്ടു തരികയും ചെയ്തു.

ഇത്രയും കാര്യങ്ങൾ തുറന്നെഴുതാൻ പാസ്റ്റർ ഫിലിപ്പ് പി.തോമസ് ധൈര്യം കാണിച്ചതിന് അഭിനന്ദനം. ഇങ്ങനെയൊക്കെ എഴുതാൻ നാലഞ്ചു ദൈവദാസൻമാരെങ്കിലും തയ്യാറായാൽ യഥാർത്ഥ സുവിശേഷം വീണ്ടും ഈ കേരളക്കരയിൽ മുഴങ്ങും.

# എന്ത് ആലയം? എന്തു പ്രതിഷ്ഠ?

''നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ'' എന്ന വചനത്തിൽ വിശ്വസിച്ചിരുന്ന പെന്തക്കോസ്തുകാർക്ക് ഇപ്പോൾ ദൈവാലയങ്ങൾ ഉണ്ടായിരിക്കുന്നു. (ആത്മീയം വർദ്ധിക്കുന്നുണ്ട്.) ചില പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ട രണ്ടുപേജ് സപ്ലിമെന്റിൽ ഇപ്രകാരം പറയുന്നു: ''ആലയപ്രതിഷ്ഠാ ശുശ്രൂഷ 2006 ഡിസംബർ 2''.

ആലയം എന്നതുകൊണ്ട് ഇവർ എന്താണർത്ഥമാക്കുന്നത്? ദൈവാലയം എന്നാണോ? ആണെങ്കിൽ ഇവർ ദൈവവചനം പഠിക്കേണ്ടിയിരിക്കുന്നു. വീട് എന്നാണെങ്കിൽ ഇവർ തുടർന്നു പറയുന്ന കാര്യങ്ങൾ ശരിയാകുന്നതുമില്ല. ആരാധന നടത്താനായി ഉണ്ടാക്കിയ ഹാൾ ആണ് സംഭവം എങ്കിൽ ''സഭാഹാൾ'' എന്ന് പറഞ്ഞാൽ മതിയാകുമായിരുന്നു. ഇവിടെ എന്താണ് പ്രതിഷ്ഠിക്കുന്നതെന്നും അറിഞ്ഞുകൂടാ. വിഗ്രഹമോ മറ്റോ ആണോ? ആലയപ്രതിഷ്ഠ എന്ന ശുശ്രൂഷ നടക്കുമത്രേ. ബൈബിളിലെ ഏതു വാക്യത്തിലാണ് ഇത്തരമൊരു ശുശ്രൂഷയേക്കുറിച്ച് പറയുന്നതെന്നും അറിഞ്ഞുകൂടാ. കൂടാരം മാറ്റിമാറ്റി അടിച്ച് പെന്തക്കോസ്തുകാർ സോദോമിലെത്തുന്ന ലക്ഷണമുണ്ട്.

# ദൃഢപ്രതിജ്ഞ തെറ്റാകുന്നതെങ്ങനെ?

ഐ.പി.സി സഭാശുശ്രൂഷകന്റെ മകളായ അഡ്വ.സുസ്മിതാ ജോൺ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാതിരുന്നത് ക്രൈസ്തവസമൂഹത്തിന് അപമാനമായിപ്പോയി എന്ന് ഡിസംബർ 5 ലക്കം മരുപ്പച്ചയിൽ ജോർജ് വർഗീസ് വെൺമണി എഴുതിയിരിക്കുന്നു. ദൈവവചനം പഠിക്കാത്ത ക്രൈസ്തവർക്കേ ഇത് അപമാനമായി തോന്നൂ. അപമാനഭാരത്താൽ തല കുനിച്ച് നിൽക്കുന്ന ജോർജ് വർഗീസ് മത്താ. 5:34-36 ഒരുവട്ടം വായിക്കുക. കർത്താവിന്റെ കല്പന ഗൗരവത്തിൽ എടുക്കുന്ന ആർക്കും ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ പറ്റില്ല. അതുകൊണ്ട് വിശ്വാസികൾ ദൃഢപ്രതിജ്ഞയാണ് എടുക്കേണ്ടത്. കർത്താവിന്റെ കല്പന അനുസരിക്കാൻ ശ്രദ്ധിച്ച സുസ്മിതാ ജോണിന് ഡിഫെൻഡറിന്റെ അനുമോദനം.

# എം.സ്റ്റീഫനോട് വിയോജിക്കാതെ പറ്റില്ല

''വിമോചന ദൈവശാസ്ത്രത്തെ എതിർക്കുന്നത് നവ കൊളോണിയൽ ശക്തികൾ'' എന്ന തലക്കെട്ടിൽ ഡിസംബർ ലക്കം ക്രൈസ്തവ ചിന്തയിൽ ഡോ.എം.സ്റ്റീഫൻ എഴുതിയ ലേഖനമാണ് ഈ കുറുപ്പിന് ആധാരം. ഈ ലേഖനത്തിൽ എം.സ്റ്റീഫൻ പറയുന്ന ചില കാര്യങ്ങളോട് വിയോജിക്കാതെ പറ്റില്ല.

ലിബറൽ തിയോളജിയും ലിബറേഷൻ തിയോളജിയും ഒന്നാണെന്ന് ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട് എന്നത് ശരിതന്നെ. പക്ഷേ ഈ തെറ്റിദ്ധാരണ തിരുത്തിയതുകൊണ്ടും പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ലിബറേഷൻ തിയോളജി, ഫെമിനിസ്റ്റ് തിയോളജി, ദളിത് തിയോളജി എന്നൊക്കെ പറയുന്ന തിയോളജികൾ ദൈവവചനത്തെ വളച്ചൊടിക്കയാണ് ചെയ്യുന്നത്. തിയോളജിയുമായി ബന്ധമില്ലാത്ത കാര്യങ്ങൾ തിയോളജിയുടെ ലേബൽ ഒട്ടിച്ച് അവതരിപ്പിക്കയാണ് ചെയ്യുന്നത്.

ദൈവവചനം പഠിക്കാതെ പലരും വിവരക്കേടുകൾ പറയുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ ദൈവവചനം ശരിക്കു പഠിച്ചാലും ലിബറേഷൻ തിയോളജി വചനാനുസൃതം ആകുകയില്ല.

ലാറ്റിൻ അമേരിക്കൻ ജനത ഏറെ ചൂഷണങ്ങൾക്ക് വിധേയരായിരുന്നു എന്നത് ശരിതന്നെ. ഇന്നും ആ സ്ഥിതിക്ക് ഏറെ മാറ്റമൊന്നും വന്നിട്ടില്ല. അമേരിക്കൻ ഭീകരൻ അവരെ എല്ലാ വിധത്തിലും പീഡിപ്പിക്കയുമാണ്. അവർ തീർച്ചയായും മോചിക്കപ്പെടണം. അവർ മാത്രമല്ല ലോകമെമ്പാടുമുള്ള എല്ലാ മനുഷ്യരും ഇത്തരം പീഡനങ്ങളിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നും മോചനം പ്രാപിക്കണം. പക്ഷേ ഈ പ്രശ്നം തിയോളജിയുമായി കൂട്ടിക്കുഴയ്ക്കുമ്പോഴാണ് പ്രശ്നമാകുന്നത്.

ദളിത് തിയോളജിയുടെ പ്രശ്നവും ഇതുതന്നെ. ദളിതർ അനുഭവിക്കുന്ന കഷ്ടതകളേക്കുറിച്ച് വിശേഷിച്ച് പറയേണ്ടതില്ല. അവർക്ക് മോചനം ഉണ്ടാകണം എന്നതിനും സംശയമില്ല. പക്ഷേ ഇത് ഒരു സാമൂഹ്യ പ്രശ്നമാണ്. അത് തിയോളജിയുമായി കൂട്ടിക്കുഴയ്ക്കരുത്.

പീഡ അനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നവും ഇതിനു സമാനമാണ്. പീഡനത്തിൽ നിന്ന് അവർക്കും മോചനം ലഭിക്കണം. എന്നാൽ ഇതും സാമൂഹ്യ പ്രശ്നമാണ്. ഇതിനുള്ള പരിഹാരം തിയോളജിയിലൂടെയല്ല വരേണ്ടത്.

ദളിത് പ്രശ്നവും ഫെമിനിസ്റ്റ് പ്രശ്നവും ചൂഷണപ്രശ്നവും മറ്റും സഭയുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. സഭയിൽ ദളിതരും സ്ത്രീകളും പീഡിതരും ഒക്കെ ഉള്ളതുകൊണ്ട് ഇത് സഭയുമായി ബന്ധപ്പെട്ട പ്രശ്നവുമാകുന്നു. ദളിത് ക്രിസ്ത്യാനികളെ തൊട്ടുകൂടാത്തവരായി കണക്കാക്കുന്നവൻ രക്ഷിക്കപ്പെട്ടവനല്ല എന്നതിന് രണ്ടു പക്ഷമില്ല. ദളിതനായി ജനിച്ചുപോയി എന്നതുകൊണ്ടു മാത്രം ആരും ഹീനനാകുന്നില്ല. ഉയർന്ന ജാതിയിൽ ജനിച്ചതുകൊണ്ടുമാത്രം ആരും ഉന്നതനുമാകുന്നില്ല.

അതുപോലെയാണ് സ്ത്രീകളുടെ പ്രശ്നവും. ബൈബിൾ അനുസരിച്ച് സ്ത്രീയും പുരുഷനും എന്ന വ്യത്യാസം ശുശ്രൂഷകളിൽ മാത്രമാണുള്ളത്. അപ്പൊസ്തോലിക ശുശ്രൂഷയും ഇടയശുശ്രൂഷയും സ്ത്രീകൾ ചെയ്തിട്ടുള്ളതായി തിരുവചനത്തിൽ കാണുന്നില്ല. മറ്റുള്ള ശുശ്രൂഷകൾ ചെയ്യാൻ സ്ത്രീകൾക്ക് അവകാശമുണ്ട്.

ലാറ്റിൻ അമേരിക്കയിൽ മാത്രമല്ല ലോകമെമ്പാടും ചൂഷണത്തിന് മറ പിടിക്കാൻ ചിലർ ബൈബിൾ ഉപയോഗിച്ചിട്ടുണ്ട്. ക്രൈസ്തവ രാഷ്ട്രങ്ങൾ എന്നു പറയപ്പെടുന്ന ചില രാഷ്ട്രങ്ങളാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇത് ഒരു വിധത്തിലും ന്യായീകരിക്കാൻ ആവില്ല. പക്ഷേ ലിബറേഷൻ തിയോളജി എന്നൊന്ന് ഉണ്ടാക്കിയിട്ടല്ല ഈ തിൻമയെ എതിർക്കേണ്ടത്.

ക്രൈസ്തവ രാഷ്ട്രം എന്നൊന്ന് ഈ ലോകത്ത് എങ്ങുമില്ല എന്നതാണ് വസ്തുത. ഒരു രാജ്യത്ത് ക്രൈസ്തവർ ഭൂരിപക്ഷമുള്ളതുകൊണ്ട് ആ രാജ്യം ക്രൈസ്തവ രാഷ്ട്രമാകുകയില്ല. അമേരിക്ക ക്രൈസ്തവ രാഷ്ട്രമാണ് എന്ന് പൊതുവെ പറയാറുണ്ട്. പക്ഷേ അമേരിക്ക ഒരു മതേതര രാഷ്ട്രമാണ്. എന്നാൽ ഇസ്ലാം മതത്തിന് നിർണ്ണായക സ്വാധീനമുള്ള ചില രാഷ്ട്രങ്ങൾ ഔദ്യോഗികമായിത്തന്നെ ഇസ്ലാമിക രാഷ്ട്രങ്ങളാണ്.

ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള ചില രാഷ്ട്രങ്ങൾ കാട്ടിക്കൂട്ടുന്നതെല്ലാം ക്രൈസ്തവമാണെന്ന ധാരണ തെറ്റാണ്. ഉദാഹരണമായി അമേരിക്ക ഇപ്പോൾ ഇറാക്കിൽ ചെയ്യുന്നതെല്ലാം ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായി ചിത്രീകരിച്ചാൽ എങ്ങനെയിരിക്കും? ഇത്തരം ഹീനകൃത്യങ്ങളെ തീർച്ചയായും എതിർക്കണം. പക്ഷേ അത് രാഷ്ട്രീയവും തിയോളജിയുമായി കൂട്ടിക്കുഴച്ച് ലിബറേഷൻ തിയോളജി ഉണ്ടാക്കിയിട്ടാകരുത്.

ദൈവം യിസ്രായേല്യരെ മിസ്രയീമിൽ നിന്ന് വിടുവിച്ച സംഭവം ചൂണ്ടിക്കാട്ടി വിമോചന ദൈവശാസ്ത്രത്തെ ന്യായീകരിക്കുന്നത് ശരിയല്ല. അക്കാലത്ത് നിരവധി ജനവർഗ്ഗങ്ങൾ ഉണ്ടായിരുന്നു. അവർ പലരും പലതരത്തിലുള്ള പീഡകൾ അനുഭവിക്കയും ചെയ്തിരുന്നു. മിസ്രയീമിൽ തന്നെ യിസ്രായേല്യരെ കൂടാതെ ലക്ഷക്കണക്കിന് അടിമകൾ ഉണ്ടായിരുന്നു. അവരെ ആരേയും ദൈവം മോചിപ്പിച്ചില്ല. എന്തുകൊണ്ട്? വിമോചനദൈവശാസ്ത്രം ബൈബിളിന് കൊടുക്കുന്ന വ്യാഖ്യാനം ശരിയാണെങ്കിൽ കുറഞ്ഞപക്ഷം മിസ്രയീമിലെ മറ്റ് അടിമകളേയും ദൈവം മോചിപ്പിക്കേണ്ടതായിരുന്നു. അടിമകളെ മോചിപ്പിക്കുകയല്ല മറിച്ച് ദൈവം നൂറ്റാണ്ടുകൾക്കു മുൻപ് അബ്രഹാമിനു കൊടുത്ത വാഗ്ദത്തം നിറവേറ്റുകയാണ് മിസ്രയീമിൽ ചെയ്തത്. ദൈവജനമെന്ന നിലയിൽ യിസ്രായേലിനോടുള്ള പ്രത്യേക പരിഗണന വച്ചുകൊണ്ടുള്ളതായിരുന്നു ഈ ഇടപെടൽ.

യേശു ചെയ്ത പ്രവൃത്തികൾ വിമോചന ദൈവശാസ്ത്രത്തിന് ആധാരമാകുന്നില്ല. ദൈവം കൊടുത്ത ന്യായപ്രമാണം അനുസരിക്കാൻ കടപ്പെട്ടവരും ദൈവജനം എന്ന പേരിൽ അറിയപ്പെട്ടിരുന്നവരുമായ യിസ്രായേൽ ജനത്തോടാണ് യേശു സംസാരിച്ചത്. യിസ്രായേലിനു പുറത്തുള്ളവരോട് യേശു ഇടപെട്ടതെങ്ങനെ എന്ന് നോക്കുക.

വിമോചന ദൈവശാസ്ത്രം ഭൗതീക നേട്ടങ്ങളാണ് ലക്ഷ്യമിടുന്നത്. പക്ഷേ പുതിയ നിയമത്തിന്റെ ഉപദേശം ആത്മീയതയുമായി ബന്ധപ്പെട്ടതാണ്. വീണ്ടും ജനനം പ്രാപിച്ച വിശ്വാസിക്കുള്ളതാണ് പുതിയനിയമത്തിലെ ചട്ടങ്ങൾ. യേശുക്രിസ്തു വാഗ്ദത്തം ചെയ്യുന്ന ദൈവരാജ്യം രക്ഷിക്കപ്പെട്ടവർ സമരം ചെയ്ത് ഉണ്ടാക്കുന്ന രാജ്യമല്ല.

വിമോചന ദൈവശാസ്ത്രത്തിൽ വീണ്ടും ജനനവും സ്നാനവും പരിശുദ്ധാത്മ സ്നാനവും വേർപാടും ഒന്നുമില്ല. കാരണം അത് പുതിയനിയമത്തിലെ ഉപദേശവുമായി പുലബന്ധം പോലും ഇല്ലാത്ത ഒന്നാണ്. ദൈവസഭയുമായി ഇതിന് ബന്ധമൊന്നുമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** തങ്കു ബ്രദറും തോമസ്കുട്ടി ബ്രദറും അതിശ്രേഷ്ഠരായ ദൈവദാസൻമാരല്ലേ? അവരിലൂടെ ദൈവം വലിയ ശുശ്രൂഷ ചെയ്യിച്ചുകൊണ്ടിരിക്കയുമാണല്ലോ. അവരെ ചുമ്മാ ഡോ എന്നും മറ്റും വിളിച്ച് അവഹേളിക്കുന്നത് ഹീനമല്ലേ?

■ തങ്കുവും തോമസ്കുട്ടിയും ഡോക്ടർമാരാണെന്ന് പറയുന്നത് ഡിഫെൻഡറല്ല അവർ തന്നെയാണ്. ഒരാൾക്ക് ഡോക്ടർ ആകാൻ രണ്ടു വഴികളുണ്ട്:

1. വൈദ്യശാസ്ത്രം പഠിക്കുക.
2. ഡോക്ട്രേറ്റ് എടുക്കുക.

തങ്കുവും തോമസ്കുട്ടിയും വൈദ്യശാസ്ത്രം പഠിച്ചവരാണോ? ആണെന്ന് അവർ പോലും പറഞ്ഞില്ല.

ഇവർക്ക് ഡോക്ട്രേറ്റ് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അവർ പറയട്ടെ.

എങ്ങനെയാണ് ഡോക്ട്രേറ്റ് കിട്ടുക. ആദ്യമായി ഏതെങ്കിലും വിഷയത്തിൽ മാസ്റ്റർ ഡിഗ്രിയോ തുല്യമായ മറ്റ് യോഗ്യതയോ നേടുക. അതിന് ഒന്നാം ക്ലാസ്സ് മുതൽ കണക്കു കൂട്ടിയാൽ കുറഞ്ഞപക്ഷം 17 കൊല്ലം പഠിക്കേണ്ടതായി വരും.

മാസ്റ്റർ ഡിഗ്രി എടുത്ത ശേഷം ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത് ഗവേഷണം നടത്തണം. സർവ്വകലാശാല നിർദ്ദേശിക്കുന്ന ഗൈഡിന്റെ മേൽനോട്ടത്തിൽ വേണം ഗവേഷണം നടത്താൻ. ഗവേഷണം നടത്തുന്ന വിഷയവും സർവ്വകലാശാല അംഗീകരിക്കണം. മൂന്നു വർഷമെങ്കിലും ഗവേഷണം നടത്തിയശേഷം പ്രബന്ധം തയ്യാറാക്കി സമർപ്പിക്കണം. അത് അംഗീകരിക്കപ്പെട്ടാൽ ഡോക്ട്രേറ്റ് ലഭിക്കും. ഇങ്ങനെ എന്തെങ്കിലും ചെയ്തോണോ തങ്കുവും തോമസ്കുട്ടിയും ഡോക്ടറായത്? ആണെങ്കിൽ അവർ പറയട്ടെ.

ഓണററി ഡോക്ട്രേറ്റ് എന്നൊരു പരിപാടിയും നിലവിലുണ്ട്. ഡോക്ട്രേറ്റ് കൊടുക്കാൻ അധികാരമുള്ള സർവ്വകലാശാല ബഹുമാന്യരായ വ്യക്തികൾക്ക് അവാർഡ് പോലെ കൊടുക്കുന്നതാണ് ഇത്. ഇങ്ങനെ ഡോക്ട്രേറ്റ് ലഭിക്കുന്നവർ ഡോക്ടർ എന്ന പദം പേരിനോടൊപ്പം വെയ്ക്കാറില്ല.

നമ്മുടെ ഇടയിൽ ഒട്ടേറെ ഡോക്ടർമാരുണ്ട്. ഡോ.പി.ജി.വർഗീസ്, ഡോ.പോൾ മലയടി, റവ.ഡോ.ബാബു ജോർജ്, മോസ്റ്റ് റവ.ഡോ. കെ.പി.യോഹന്നാൻ അങ്ങനെ ആ പട്ടിക നീളുകയാണ്. പി.ജി.വർഗീസ് പത്താം ക്ലാസ്സുകാരനാണ്. പോൾ മലയടിയുടെ വിദ്യാഭ്യാസം പത്താംക്ലാസ്സോ അതിൽ താഴെയോ ആണ്. ബാബു ജോർജ് എന്ന മഹാൻ പത്താംക്ലാസ്സ് തോറ്റവനാണ്. കെ.പി.യോഹന്നാൻ ഡോയായ കാലത്ത് കാര്യമായ വിദ്യാഭ്യാസ യോഗ്യത ഒന്നും ഉള്ള ആളായിരുന്നില്ല.

ഇവരൊക്കെ എങ്ങനെ ഡോ ആയി? ചുമ്മാ. വെറും ചുമ്മാ. ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടോ അതുപോലെയുള്ള ഏതോ സ്ഥാപനമോ ഒരു കടലാസിൽ ഡോക്ടർ എന്ന് എഴുതി കൊടുത്തു. അങ്ങനെ ഇവരൊക്കെ ഡോ ആയി.

ഇവർക്ക് ഡോക്ട്രേറ്റ് കൊടുത്ത സ്ഥാപനത്തിന് ഡോക്ട്രേറ്റ് കൊടുക്കാനുള്ള അധികാരമുണ്ടോ? ഇല്ല. ഡോക്ട്രേറ്റ് പോയിട്ട് അംഗീകാരമുള്ള മാസ്റ്റർ ഡിഗ്രി കൊടുക്കാനുള്ള അധികാരം പോലും ഈ സ്ഥാപനങ്ങൾക്കില്ല. പക്ഷേ ഈ സ്ഥാപനങ്ങൾ നിരവധി ഡോക്ട്രേറ്റുകൾ കൊടുത്തിട്ടുണ്ട്. കോശി ഏബ്രഹാമിന് ഡോക്ട്രേറ്റ് കൊടുത്ത സ്ഥാപനം പോലും ഇപ്പോൾ നിലവിലില്ല. ഇതാണ് സ്ഥിതി.

സെക്യുലർ യൂണിവേഴ്സിറ്റികളിൽ നിന്ന് ഡോക്ട്രേറ്റ് നേടിയ നിരവധി ദൈവമക്കൾ പെന്തക്കോസ്തിലുണ്ട്. ഇവരെ ആരേയും ഡിഫെൻഡർ ചുമ്മാ ഡോ എന്ന് വിളിച്ചിട്ടില്ല. കാരണം അംഗീകൃത ഡോക്ട്രേറ്റ് ഉള്ളവരാണ് ഇവർ.

സെറാംപൂരിൽ നിന്ന് ഡോക്ട്രേറ്റ് നേടിയവരുണ്ട്. അവർ എം.റ്റി.എച്ച് എടുത്തശേഷം ഏറെ കഷ്ടപ്പെട്ട് ഡോക്ട്രേറ്റ് നേടിയവരാണ്. അവരേയും ഡിഫെൻഡർ പരിഹസിച്ചിട്ടില്ല. എ.റ്റി.എയുടെ അംഗീകാരമുള്ള ഡോക്ട്രേറ്റ് നേടിയവരെപ്പോലും ഡിഫെൻഡർ ചുമ്മാഡോ എന്ന് വിളിച്ചിട്ടില്ല. എന്തിനേറെ, കത്തോലിക്കാ സെമിനാരിയിൽ നിന്നും ഡോക്ട്രേറ്റ് എടുത്ത എം.സ്റ്റീഫനോട് ഡിഫെൻഡറിന് പല വിഷയത്തിലും വിയോജിപ്പുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഡോക്ട്രേറ്റിനെ ചോദ്യം ചെയ്തിട്ടില്ല. എം.റ്റി.എച്ച് കഴിഞ്ഞ് ശരിക്കും ഗവേഷണം നടത്തിയാണ് എം.സ്റ്റീഫൻ ഡോക്ട്രേറ്റ് നേടിയതെന്ന് ഡിഫെൻഡറിനറിയാം.

ഇതൊന്നുമല്ല തങ്കുവിന്റേയും തോമസ്കുട്ടിയുടേയും സ്ഥിതി. ഒരു സുപ്രഭാതത്തിൽ ഇരുവരും ഡോക്ടർമാർ ആകുകയാണ് ചെയ്തത്. എങ്ങനെയാണ് ഈ അത്ഭുതം സംഭവിച്ചതെന്ന് ഇവർ വ്യക്തമാക്കിയിട്ടില്ല. സംഗതി ചുമ്മാ ഡോ ആണെന്ന് വ്യക്തം. അതല്ല ഇവർക്ക് യഥാർത്ഥ ഡോക്ട്രേറ്റ് ഉണ്ടെങ്കിൽ അത് എവിടെനിന്ന് കിട്ടിയെന്നും എങ്ങനെ കിട്ടിയെന്നും ഇവർ വ്യക്തമാക്കട്ടെ.

കൂശ്യന് അവന്റെ കറുപ്പും പുള്ളിപ്പുലിക്ക് അതിന്റെ പുള്ളിയും മാറ്റാൻ ആവില്ല. നീലവെള്ളത്തിൽ വീണതുകൊണ്ട് കുറുക്കൻ ദിവ്യനാകുകയുമില്ല. നിലാവ് കാണുമ്പോൾ അവൻ ഓലിയിട്ടുപോകും. സാത്താന്റെ കാര്യവും ഇങ്ങനെതന്നെ. അവൻ എത്ര ശ്രദ്ധിച്ച് ആട്ടിൻതോലിട്ടാലും അവന്റെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം പുറത്തു കാണും. വിവേചനവരമുള്ളവർ അത് കാണുകയും ചെയ്യും.

അത്യുഗ്രൻ അപ്പോസ്തലൻമാരായാണ് തങ്കുവും തോമസ്കുട്ടിയും ഭാവിക്കുന്നത്. ആയിരക്കണക്കിന് സാധുക്കളെ കബളിപ്പിക്കാൻ അവർക്ക് കഴിയുന്നുമുണ്ട്. പക്ഷേ വിവേചനവരമുള്ളവർ സത്യം മനസ്സിലാക്കുന്നു. ഇവർ ദൈവദാസൻമാരല്ല സാത്താന്റെ ദാസൻമാരാണ് എന്ന് തിരിച്ചറിയുകയും ദൈവമക്കൾക്ക് മുന്നറിയിപ്പ് കൊടുക്കുകയും ചെയ്യുന്നു.

സാത്താൻ ഭോഷ്ക്കു പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാണ്. ദുരാത്മാവ് ബാധിച്ചവർക്ക് ഭോഷ്ക്കു പറയാതിരിക്കാൻ കഴിയുന്നതല്ല. ഇല്ലാത്ത ഭക്തി ഉണ്ടെന്നു ഭാവിക്കാനും നടക്കാത്ത അത്ഭുതങ്ങൾ നടന്നെന്ന് പറയാനും ഇവർക്ക് മടിയില്ല. മരിച്ച ഒരു കുട്ടി ഉയിർത്ത കഥവരെ തങ്കുവും കൂട്ടരും പറഞ്ഞത് ശ്രദ്ധിക്കുക. അത്ഭുതം എന്ന് സംശയാതീതമായി പറയാവുന്ന ഒരു സംഭവവും സ്വർഗ്ഗീയ വിരുന്നിൽ നടന്നിട്ടില്ല. പക്ഷേ നൂറുനൂറ് അത്ഭുതങ്ങളുടെ കഥ ഇവർ പറയുകയും ചെയ്യും. ഭോഷ്ക്കിന്റെ ആത്മാവാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്.

ഡോക്ട്രേറ്റ് കാര്യവും ഇങ്ങനെതന്നെ. ദൈവദാസൻമാർക്ക് ഡോക്ട്രേറ്റ് കൂടിയേ കഴിയൂ എന്നില്ല. ഡോക്ട്രേറ്റ് ഉള്ളതുകൊണ്ട് ദോഷവുമില്ല. വിദ്യാഭ്യാസമേ ഇല്ലെങ്കിലും പ്രശ്നവുമില്ല. പക്ഷേ സാത്താന് അതു പോരാ. ഇല്ലാത്ത ഡിഗ്രി ഉണ്ടെന്നു പറയാതെ സാത്താന് സമാധാനമാകയില്ല. കാരണം അവൻ ഭോഷ്ക്കിന്റെ പിതാവാണ്. ഭോഷ്ക്ക് ഉപേക്ഷിച്ചാൽ സാത്താൻ സാത്താനല്ലാതാകും.

താൻ മദ്രാസ് ഐ.ഐ.ടിയിൽ നിന്ന് ബി.ടെക് എടുത്തു എന്ന് സുരേഷ് ബാബു പറയുന്നതെന്തുകൊണ്ട്? അവനിൽ വ്യാപരിക്കുന്നത് ഭോഷ്ക്കിന്റെ ആത്മാവായതുകൊണ്ട്. ബാബു ജോർജ് ഡോയുടെ വേഷം കെട്ടുന്നതിന്റെ കാരണവും ഇതുതന്നെ. തങ്കുവും തോമസ്കുട്ടിയും ഡാക്കിട്ടർമാർ ആയി വിലസുന്നതിന്റെ പിന്നിലെ രഹസ്യവും മറ്റൊന്നല്ല. ദൈവമക്കൾ സൂക്ഷിക്കുക: തങ്കുവും തോമസ്കുട്ടിയും ഭോഷ്ക്കിന്റെ ആത്മാവ് ബാധിച്ചവരാണ്.

# ശാപം പൊട്ടിക്കൽ തിരുവചന വെളിച്ചത്തിൽ



ശാപം പൊട്ടിക്കൽ പൊടിപൂരമായി നടക്കുന്ന കാലമാണിത്. ശാപം പൊട്ടിക്കിട്ടിയാൽ അനുഗ്രഹം മഴപോലെ പെയ്തിറങ്ങുമത്രേ. എന്തൊക്കെയാണ് ശാപത്തിന്റെ ലക്ഷണങ്ങൾ? ദാരിദ്ര്യം, കടഭാരം, അടിയ്ക്കടി ഉണ്ടാകുന്ന പരാജയങ്ങൾ, അപകടങ്ങൾ, മാറാവ്യാധികൾ, പിൻതലമുറ ഇല്ലാതിരിക്കുന്ന സ്ഥിതി തുടങ്ങി എന്തുമാകാം. തങ്കു, തോമസ് കുട്ടി, എം.എ.വർഗീസ്, അനിസൻ, ഡാമിയൻ തുടങ്ങി ഒട്ടേറെ ആളുകൾ ശാപം പൊട്ടിക്കുന്നതിൽ സ്പെഷ്യലൈസ് ചെയ്തിട്ടുമുണ്ട്. വീണ്ടും ജനനം പ്രാപിച്ചിട്ടും പോകാത്ത ശാപം പൊട്ടിക്കുക എന്നത് ചെറിയ കാര്യമല്ലല്ലോ. കർത്താവായ യേശുക്രിസ്തുവിന് കഴിയാത്ത കാര്യമാണ് ഈ വീരൻമാർ ചെയ്യുന്നത്.

കഴിഞ്ഞയാഴ്ച ഇവർ കൊല്ലത്തിന്റെ ശാപം പൊട്ടിച്ചു. ഇനി കൊല്ലത്ത് ഒരു കുഴപ്പവും ഉണ്ടാകുകയില്ല. ദാരിദ്ര്യം, അപകടമരണം, അനപത്യദു:ഖം തുടങ്ങിയവ കൊല്ലത്ത് കേട്ടുകേഴ്വി പോലും ഇല്ലാതാകും. ഇത്ര വലിയ സേവനം കൊല്ലത്തിന് ചെയ്ത ഇവരെ എത്ര പുകഴ്ത്തിയാലും മതിവരില്ല.

ഏതാനും വർഷം മുൻപ് സുരേഷ് ബാബുവും കൂട്ടരും ചേർന്ന് എറണാകുളത്തെ തെർമ്മോക്കോൾ സാത്താനെ തവിടുപൊടിയാക്കിയിരുന്നു. അതിനുശേഷം സാത്താൻ എറണാകുളത്തിന്റെ ഏഴയലത്തുപോലും വന്നിട്ടില്ല. ഇപ്പോഴിതാ കൊല്ലവും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

സംഗതി ഇങ്ങനെയൊക്കെ ആണെങ്കിലും സംശയിക്കുന്ന തോമസ്സുമാർ എവിടെയും ഉണ്ടായിരിക്കുമല്ലോ. ബൈബിളിൽ ഇല്ലാത്ത ഇത്തരം പരിപാടികൾ അംഗീകരിക്കാത്ത അവിശ്വാസികളുടെ അറിവിലേക്ക് ശാപക്കാരുടെ തിയോളജിയും അതിന് തിരുവചന വെളിച്ചത്തിലുള്ള മറുപടിയും എഴുതുകയാണ്.

1. വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹം ഉണ്ടാകയില്ല എന്ന് പറയാൻ കഴിയുമോ എന്നാണ് ശാപക്കാരുടെ ചോദ്യം. അതിനുള്ള മറുപടി ഇതാ:

വിശ്വാസികൾക്ക് ഭൗതീക നൻമകൾ ഉണ്ടാകില്ല എന്ന് ബൈബിൾ പറയുന്നില്ല. പക്ഷേ ഉണ്ടായേ മതിയാകൂ എന്നോ ഉണ്ടായില്ലെങ്കിൽ അത് ശാപത്തിന്റെ ലക്ഷണമാണെന്നോ ദൈവവചനം പറയുന്നില്ല. വിശ്വാസിയായിപ്പോയതുകൊണ്ട് എന്നും കഷ്ടപ്പെട്ടേ മതിയാകൂ എന്നില്ല. ആത്മീയ അനുഗ്രഹങ്ങളോടൊപ്പം ഭൗതീക അനുഗ്രഹങ്ങളും ലഭിച്ചെന്നു വരാം. പക്ഷേ, ഒരു അവകാശം എന്ന നിലയിൽ ഭൗതീക അനുഗ്രഹം ചോദിച്ചു വാങ്ങാൻ ആവില്ല. മാത്രമല്ല, ഭൗതീക അനുഗ്രഹം ലഭിക്കാത്തത് ശാപത്തിൻെറ ഫലമാണെന്ന് പറയാനും പാടില്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്പ്പീൻ എന്ന് അരുളിച്ചെയ്ത കർത്താവിനോട് ഉണ്ണാനും ഉടുക്കാനുമുള്ള വക അവകാശമായി ചോദിക്കാം. അതിൽ അധികമായി വല്ലതും ലഭിച്ചാൽ വാങ്ങിക്കൊള്ളൂ. പക്ഷേ അത് വിശ്വാസിയുടെ അവകാശമല്ല എന്നുമാത്രം. ചുരുക്കത്തിൽ, ആത്മീയാനുഗ്രഹങ്ങൾ വിശ്വാസിയുടെ അവകാശവും ഭൗതീക അനുഗ്രഹങ്ങൾ ദൈവം നൽകുന്ന സൗജന്യങ്ങളുമാണ്. ദാരിദ്ര്യം പാപമോ ശാപമോ അല്ല.

2. അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ ജാതികൾക്ക് ലഭിക്കും എന്ന് ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ വിശ്വാസികൾക്ക് ഭൗതീക അനുഗ്രഹവും അവകാശമായി ലഭിക്കേണ്ടതല്ലേ?

ഒറ്റ നോട്ടത്തിൽ ശരിയെന്ന് തോന്നുന്ന ഒരു വാദഗതിയാണിത്. അതുകൊണ്ടത്രേ അനേകർ ഈ ദുർവ്യാഖ്യാനത്തിൽ കുടുങ്ങിപ്പോകുന്നത്. അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹം ക്രിസ്തുവിലൂടെ വിശ്വാസിക്ക് ലഭിക്കും എന്നതിന് സംശയമില്ല. പക്ഷേ, ഇത് എങ്ങനെയാണ് പ്രാവർത്തികമാകുന്നത്?

എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ കർത്താവ് ഒരാളോട് ആവശ്യപ്പെട്ടു. ആദിമ സഭയിലെ ചില വിശ്വാസികൾ തങ്ങളുടെ വസ്തുവകകൾ വിറ്റ് സഭയ്ക്ക് നൽകുകയും ചെയ്തു. എല്ലാ വിശ്വാസിയും വസ്തുവകകൾ വിൽക്കണം എന്നാണോ ഇതിൻെറ അർത്ഥം? വസ്തുവകകൾ വിറ്റ് ദരിദ്രർക്കു കൊടുത്താൽ സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും എന്നല്ലാതെ രക്ഷിക്കപ്പെടുവാൻ ഇത് ആവശ്യമാണെന്ന് കർത്താവ് പറഞ്ഞില്ല. ആദിമ സഭയിലുള്ള ചിലർ സ്വന്ത ഇഷ്ടപ്രകാരം സ്വത്തുക്കൾ വിറ്റ് സഭക്കു നൽകി എന്നല്ലാതെ അത് സഭയുടെ ഉപദേശമല്ല.

കാലുകഴുകലിൻെറ കാര്യവും ഇതുപോലെതന്നെ. കർത്താവ് ശിഷ്യരുടെ കാലുകൾ കഴുകിയെങ്കിലും ആദിമസഭ ഇത് ആചാരമാക്കിയില്ല. കാരണം, അത് കല്പന അല്ലായിരുന്നു.

അബ്രഹാമിനു ലഭിച്ച അനുഗ്രഹം ക്രിസ്തുവിലൂടെ വിശ്വാസികൾക്ക് ലഭിക്കും എന്ന വാക്യവും ഇതുപോലെ വ്യാഖ്യാനിക്കണം. അബ്രഹാമിനും അവൻെറ സന്തതിക്കുമാണ് വാഗ്ദത്തം ലഭിച്ചത്. സന്തതി എന്ന് ഏകവചനത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെ ഉദ്ദേശിച്ചത്രേ എന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ട്. ഗലാ.3:16.

അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹങ്ങൾ അതിൻെറ പൂർണ്ണമായ അളവിൽ പ്രാപിച്ച ഏക മനുഷ്യൻ യേശുവാണ്. സമൃദ്ധിയുടെ സുവിശേഷക്കാർ പറയുന്നത് ശരിയാണെങ്കിൽ യേശു അക്കാലത്തെ ഏറ്റവും വലിയ പണക്കാരനായിരിക്കേണ്ടതാണ്. പക്ഷേ, പിറന്നുവീഴാൻ ഒരു കൂരപോലും യേശുവിന് ലഭിച്ചില്ല. ഒരിക്കലും പണക്കാരനായതുമില്ല. ശിഷ്യൻമാരുടെ കാര്യവും മറിച്ചല്ല. രക്ഷിക്കപ്പെട്ടശേഷം പണക്കാരനായി മാറിയ ഒരു വിശ്വാസിയേക്കുറിച്ചും പുതിയ നിയമം പറയുന്നില്ല. എന്നാൽ അപ്പൊസ്തലൻമാരും യരൂശലേമിലെ സഭയും മറ്റും പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടിൽ ആയിരുന്നതായി ബൈബിൾ പറയുന്നുമുണ്ട്. ഇതാണ് സത്യം.

3. സമൃദ്ധിയുടെ ഉപദേശം പ്രസംഗിക്കുന്നവർ പണക്കാരാകുന്നു. അതെങ്ങനെ?

സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാകുന്ന രഹസ്യമേ ഇതിൻെറ പിന്നിലുള്ളു. കൈനോട്ടക്കാർ എങ്ങനെയാണ് പണമുണ്ടാക്കുന്നത്? "ഇതാ, നല്ല കാലം വരാൻ പോകുന്നു" എന്ന് അവർ പ്രവചിക്കും. അതുകേട്ട് ജനം സന്തോഷിക്കും. കൈനോട്ടക്കാരന് കൈനിറയെ പണം കൊടുക്കും. അനുഗ്രഹത്തിൻെറ സുവിശേഷക്കാർ പണമുണ്ടാക്കുന്നതും ഇങ്ങനെതന്നെ. "ഇതാ വരുന്നു അനുഗ്രഹം" എന്ന സുവിശേഷം കേട്ട് ജനം ആനന്ദനൃത്തം വെയ്ക്കും. പ്രസംഗകന് വാരിക്കോരി കൊടുക്കും. വാലല്ല തലയാക്കും എന്നു പ്രവചിക്കുന്നവർക്ക് എന്നും പണം കിട്ടിയിരുന്നു. ഏലിയാവിനേയും സെഖര്യാവിനേയും യോഹന്നാൻ സ്നാപകനേയും യേശുവിനേയും ഒക്കെ കൺവെൻഷന് വിളിക്കാൻ പോലും ആളുണ്ടാവില്ല.

4. തങ്കുവിനേപ്പോലുള്ളവരുടെ പ്രസംഗം കേട്ടാൽ ആർക്കും ആത്മീയ ഉണർവ്വുണ്ടാകും. ഇവരെ എതിർക്കുന്നവരുടെ പ്രസംഗം കേട്ടാൽ ആകെ നിരാശയാണ് തോന്നുന്നത്. എന്തുകൊണ്ട്?

തികച്ചും ലളിതമായ കാരണങ്ങളാണ് ഇതിൻെറ പിന്നിലുള്ളത്. "ഇതാ വരുന്നൂ അനുഗ്രഹം" എന്നു കേൾക്കുമ്പോൾ സന്തോഷമുണ്ടാകും. കഷ്ടതയും ബുദ്ധിമുട്ടും പരീക്ഷകളും അപമാനവും ഒക്കെ വരുന്നൂ എന്നു കേൾക്കുമ്പോൾ നിരാശ തോന്നും. അത്രതന്നെ.

പണമുണ്ടാകാൻ പോകുന്നു എന്നു കേൾക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം ആത്മീയ സന്തോഷമാണെന്ന തെറ്റിദ്ധാരണ മാറ്റുക. കാരണം, അത് ആത്മീയ സന്തോഷമല്ല. വിശദീകരിക്കാം. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളുണ്ട്. 1തെസ. 5:23. നല്ല ഭക്ഷണം കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷം ആത്മീയ സന്തോഷമല്ല. കാരണം, ഭക്ഷണംകൊണ്ട് പോഷണം പ്രാപിക്കുന്നത് ആത്മാവല്ല ശരീരമാണ്. ബുദ്ധി. ഇച്ഛ, വികാരം എന്നിവയെ പോഷിപ്പിക്കുന്ന വിഭവങ്ങൾ ലഭിക്കുമ്പോൾ സന്തോഷിക്കുന്നത് ആത്മാവല്ല ദേഹിയാണ്. തമാശകൾ നിറഞ്ഞ പ്രസംഗം കേട്ട് ഉണ്ടായ ഉണർവ്വ് ആത്മീയ ഉണർവ്വല്ല. ആത്മാവിന് പോഷണം നൽകാൻ ദൈവാത്മാവിനും ദൈവവചനത്തിനും മാത്രമേ കഴിയൂ. അത് ലഭിക്കുമ്പോഴാണ് ആത്മീയ സന്തോഷം ഉണ്ടാകുന്നത്. മറ്റുള്ളതൊന്നും ആത്മീയസന്തോഷമല്ല.

തങ്കുവിനേപ്പോലുള്ളവർ ജനത്തെ തെറ്റിദ്ധരിപ്പിക്കയാണ്. കർത്താവ് വാഗ്ദത്തം ചെയ്യാത്ത കാര്യങ്ങൾ ഇവർ കർത്താവിന്റെ നാമത്തിൽ വാഗ്ദത്തം ചെയ്യുന്നു. ഇങ്ങനെയൊക്കെ ദൈവവചനത്തിൽ പറയുന്നുണ്ട് എന്ന് തെറ്റിദ്ധരിച്ച് അനേകർ തങ്കുവിനേപ്പോലുള്ളവരുടെ പിന്നാലെ പോകുന്നു. തങ്ങൾ വഞ്ചിക്കപ്പെട്ടു എന്ന് വളരെ വൈകി മാത്രമേ ജനം അറിയൂ. അപ്പോൾ അവർ ദൈവത്തെ ശപിക്കുകയും പിൻമാറുകയും ചെയ്യും.

## King Of Fools

Waiting for you
Nothing in this world can bring me
Peace and madness
They’ve become the very best of friends

Walking with you
Blindly follow out upon the
Water runs down
You’ve become the very best of friends

I’ll live for you and try to be the king of fools
I’ll long for you and walk before the king of all

Joy has found me
Living life without you would be
Hell or heaven
Soon we’ll find the greatest king of fools

I’ll live for you and try to be the king of fools
I’ll long just to walk before the king of fools

# ആൾക്കൂട്ടമുണ്ടാകുന്നതെങ്ങനെ?

തങ്കുവും കൂട്ടരും നടത്തുന്ന യോഗങ്ങളിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്നു. ദൈവീക പ്രവർത്തനത്തിന്റെ പ്രത്യക്ഷ ലക്ഷണമല്ലേ ഇത് എന്നാണ് മിക്കവരും ചോദിക്കുന്നത്. ആളുകൂടുന്നത് ദൈവീക പ്രവർത്തനത്തിന്റെ ലക്ഷണമാണ് എന്ന് ദൈവവചനം എവിടെയാണ് പറയുന്നത്?

ദൈവവചനം അങ്ങനെ പറയുന്നില്ലെങ്കിലും സത്യം അതല്ലേ എന്ന് ചോദിക്കുന്നവരുമുണ്ട്. സത്യം അതല്ല എന്ന് തീർത്തു പറയാം. അൾക്കുട്ടമുണ്ടാകുന്നു എന്നതുകൊണ്ട് ദൈവീക പ്രവർത്തനം നടക്കുന്നു എന്ന് പറയാനാകുമോ? ഈയിടെ രവിശങ്കർ എറണാകുളത്തു വന്നപ്പോൾ എത്ര വലിയ ആൾക്കൂട്ടമുണ്ടായി എന്ന് അറിയാമല്ലോ. ബ്രഹ്മകുമാരീസ് ആശ്രമത്തിലെ മാതാജി വന്നപ്പോഴും ഇതുതന്നെ ആയിരുന്നു സ്ഥിതി. ശബരിമലയ്ക്ക് പോകുന്ന ആളുകളുടെ എണ്ണം വർഷം തോറും കൂടിവരുകയുമാണ്. ഇവിടെയെല്ലാം ദൈവീക പ്രവർത്തനം ഉണ്ടാകുന്നതുകൊണ്ടാണോ ആൾക്കൂട്ടമുണ്ടാകുന്നത്?

നന്നായി പരസ്യം കൊടുക്കുക. എന്തോ സംഭവിക്കാൻ പോകുന്നു എന്നൊരു ധാരണ പരത്തുക. ആൾക്കൂട്ടം ഉണ്ടാകും. ശാപം പൊട്ടും, അനുഗ്രഹം ഉണ്ടാകും, എന്നൊക്കെ പ്രതീക്ഷിച്ചാണ് ജനം വരുന്നത്. അത്ഭുതം നടക്കുന്നത് കാണാൻ മിക്കവർക്കും ആഗ്രഹം ഉണ്ടാകുമല്ലോ.

അനുഗ്രഹത്തിന്റെ സുവിശേഷം കേൾക്കുന്ന ജനം അനുഗ്രഹം പ്രാപിക്കാൻ ആഗ്രഹിക്കും. ദാരിദ്ര്യം മാറും, വന്ധ്യകൾക്ക് കുട്ടികളുണ്ടാകും, മാറാരോഗം മാറും, അപകടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും എന്നൊക്കെ കേൾക്കുമ്പോൾ ജനം സ്നാനപ്പെടാൻ തയ്യാറാകുന്നു. അങ്ങനെയാണ് നൂറുകണക്കിന് ആളുകൾ സ്നാനപ്പെടാൻ തീരുമാനം എടുക്കുന്നത്.

കർത്താവ് വാഗ്ദത്തം ചെയ്യാത്ത കാര്യങ്ങൾ കർത്താവിന്റെ പേരിൽ വാഗ്ദാനം ചെയ്ത് ജനത്തെ ചതിക്കുകയാണ് തങ്കു ചെയ്യുന്നത്. ഈ ചതിയിൽപ്പെട്ട് വഞ്ചിതരായവരാണ് സ്നാനപ്പെടാൻ തയ്യാറായി വരുന്നത്. ഭൗതീകനേട്ടങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ഇവർ എന്തിനും ഏതിനും തയ്യാറാകുന്നത്. ഇത് ആത്മീയ ഉണർവ്വല്ല. ദുരാത്മാവാണ് ഈ തട്ടിപ്പിന്റെ പിന്നിലുള്ളത്.

# Christian Rock Music: Christian or Satanic?

## Ric Llewellyn

(a) **Lyrics** - Our spiritual songs must be sufficiently clear so as to convey the truth plainly, and must be consistent with biblical revelation (i.e., sound doctrine)-the words should focus upon the Lord Jesus Christ and encourage practical submission to God's order in all our personal affairs. Most contemporary Christian music can be rejected on the basis of **lyrics** alone-even when the **lyrics** are audibly clear, the predominance of false doctrine and/ or the shallow view of the person and work of Jesus Christ is often appalling.

(b) **Score -** The meaning of the word psalms originally denoted a striking or twitching with the fingers (on musical strings); only later did it come to mean a sacred song sung to musical accompaniment (Vine's Expository Dictionary of New Testament Words). Our psalms, or the arrangement of the musical notes, is a vital ingredient of the all-encompassing term we call "music." This is because it is the area in which we are usually the most ignorant; i.e., medical research clearly supports the contention that musical tones and rhythms in and of themselves (i.e., without **lyrics**) can cause physical and "emotional" reactions over which the listener may have little or no control. Since the **score** of contemporary Christian rock music, with its syncopation and slurring of notes, is virtually indistinguishable from its secular counterpart, one has to wonder if spirituality is being eroded and carnality is being propagated. (One should always assess "Christian" music thusly: does it stir the flesh to "boogie," or the spirit to praise the Lord?)

(c) **Character -** Our hymns, or the **character** of the music, is its most obscure component. The **character** of much of what is called "Christian" music may best be characterized as charismatic, irreverent, universalist, socialist utopian idealistic, superficial religiousness, neo-evangelical, expressionistic, ostentatious, or in a myriad of other contexts (e.g.; What is the **character** of the music at a so-called Christian rock concert when whatever message is presented is punctuated by screaming guitars, smoke bombs, and a general atmosphere of frivolity?) And because the **character** of the music is not always readily apparent to the listener, it can have the most insidious effect on believers; i.e., tolerance or acceptance of false doctrine can arise from constant subjection to deficient and improper attitudes in music. The **character** of "Christian" music is easily adopted by listeners, which can then draw them away from the firm foundation of the Word. Music worthy of the name "Christian" ought to stimulate and simulate emotions compatible with true spirituality-the appropriate response to God and His Word.

- Larry Norman is frequently dubbed "the father of Christian rock." Norman makes the incredulous statement that rock 'n' roll music originated in the Church hundreds of years ago, and that the devil stole it!! Therefore, Norman's battle cry is to 'take rock music back for Jesus' sake!' (Since rock 'n' roll music did not even come into being until the early 1950s, Norman is obviously unable to provide one shred of evidence for this claim). Norman titles one of his songs, "Why Should the Devil Have All The Good Music," and in another song he refers to Christ (at His return for His Church) as an "Unidentified Flying Object." In still another song, he pitifully trivializes the Gospel of the Resurrection with the following **lyrics**:

They nailed Him to a cross,
They put Him in the ground,
Just goes to show you,
**Can't keep a good Man down.**

The origin of rock music and the term "rock 'n' roll" are interesting ones. In the early 1950s, a disk-jockey named Alan Freed was one of the first white people to be involved in "rhythm & blues" music, which was the direct forerunner of rock 'n' roll. (The complete genealogy of rock 'n' roll music is: voodoo to jazz to blues to rock 'n' roll [David Tame, The Secret Power of Music, pp. 187-204].) Rock 'n' roll was a kind of fusion between rhythm & blues and country & western music. Freed was one of the first white people to play this new rhythm & blues/ country combination on his radio program, and was perplexed as to what to call it since it obviously needed a new name. Freed had been receiving bizarre reports concerning kids' reactions to this new music, so decided to name it after a ghetto term that black people used for **pre-marital sex in the back seat of a car-hence, the term "rock 'n' roll" was coined.**

Contrast the above true account of the origin of rock 'n' roll music with that told us by the so-called "Christian" rock band Petra in the lyrics of one of their songs; i.e., that God was the source of rock 'n' roll!:

God gave rock 'n' roll to you,
Put it in the soul of everyone,
If you love the sound,
And don't forget the Source,
You can turn-a-round,
You can change your course.

There appears to be a parallel between the attempt today to "Christianize" rock music and the "Christianization" of various pagan religious practices in fourth century Rome. The Babylonian mystery religions were introduced into Christianity by Constantine in 313 A.D. as he tried to incorporate the pagans into the newly constituted "Holy" Roman Empire. The Constantine-led Roman church was willing to adapt and adopt pagan practices in order to make Christianity palatable to the heathen. The heathen festivals were adopted into Christianity, and then eventually, many of the associated pagan symbols and actions were reinterpreted in ways acceptable to Christian faith and practice. "Christianization" of pagan customs, symbols, etc., occurred as Christianity had to undergo a transformation so that pagans could "convert" without giving up their old beliefs and rituals.

Has not the modern church of today done much of the same adoption, reinterpretation, and "Christianization" of what is called "rock music" in order to make Christianity more palatable to the "teenaged" lost? And does not this approach smack of the traditional Roman Catholic method of making converts from pagans?-first adopt the pagan practices, and then reapply biblical meaning to them. In this manner, the former pagans can retain their pagan idolatrous heritage by merely renaming the idols and changing the terminology used in the worship of them.

Those today who are able to clearly see the error and futility of "Christianizing" secular psychology and its psychotherapies by merely relabeling them as "Christian" psychology and "Christian" psychiatric clinics, somehow are unable to see that they have incorporated the same erroneous relabeling process by taking secular rock music, adopting "Christian" **lyrics**, and renaming it "Christian" rock. Since when does something become Christian by merely "Christianizing" the terminology and placing Christ's name in front of it? Are we not to call the lost out of the culture to repentance and righteousness, rather than imitate the culture?:

(a) "Christian rock [music] is the daughter of worldly rock. It tries to make the Christian message more appealing to the world by using a worldly medium. … Charismatics & New Evangelicals have tried to Christianize demonic rock music, mixing holy with unholy, to reach today's young people. They said, 'To win them, we must speak their language.' **But when they won them, what did they win them to?** Whatever weak Gospel message [might be there] is lost in the process. May we similarly "Christianize" liquor by putting a Gospel message on the bottle label, and have Christians buy and promote it to reach drunks for Jesus? A good goal does not justify unscriptural methods" (8/15/89 Calvary Contender).

(b) "For those whose eyes have not seen and whose ears have not heard, Contemporary Christian Music, or CCM as the insiders call it, is essentially conventional rock or pop music with the **lyrics** changed to protect the innocent" (James Chute, The Milwaukee Journal).

(c) "… what many in the church today seem to believe: you must have an angle to present the gospel to a hostile world ... It has opened the door to some bizarre evangelistic strategies. The church apes nearly every fad of secular society. Heavy metal rock, rap, graffiti, break dancing, body building, brick smashing, jazzercize, interpretive dance, and stand-up comedy all have been added to the evangelical repertoire. ... It is nothing but hedonism under the guise of religion. Many assume that without some gimmick, the gospel message just won't reach people, and unless we accommodate it to the fashion of our day, we can't hope for it to be effective. ... Thus modern churches feel they must plan and program for attracting unbelievers who cannot be persuaded with revealed truth …" (John MacArthur, Our Sufficiency in Christ, pp. 145-146). (Emphasis added.)

The advocates of the "modern sound" declare themselves to be in good company: "Did not the great church father, Martin Luther, take the tavern songs of the day and fit them out with Christian words, thus sanctifying the Devil's tunes for the Lord's work?" This argument, often heard, borders on the ridiculous if one has any understanding of the situation in Luther's time. Carl Johansson, in a very fine and scholarly work, makes this observation (Music and Ministry: A Biblical Counterpoint, p. 50):

"But the thrust of the popular music of Luther's time and the thrust of our pop music is as different as night is from day. There was a systematic unity in the sixteenth century musical world which no longer exists in today's music. … The popular music of the time had a folk-like character far removed from modern-day pop." Says another authority concerning those sixteenth century times: "A difference between sacred and secular music hardly existed" (Eric Bloom, ed., Grove's Dictionary of Music and Musicians, 5th edition, I, p. 848).

"Christian" rock groups almost always state that the purpose of their music is for evangelism and/or entertainment. Although Scripture records various folk songs, work songs, battle songs, etc., the Bible teaches that the God-approved purpose or use of music is primarily for worship, praise, edification, and the teaching of doctrine (e.g., Exo. 15:1,2, 20,21; I Chron. 15:27,28; 16:9,23; II Chron. 20:21,22; Psa. 95:2; 105:2; Acts 16:25; Eph. 5:18, 19; Col. 3:16). Over fifty psalms were dedicated to the chief musician to be used in worship, and in heaven the 24 elders and angelic beings will also be using music in worship (Rev. 5:8 ff).

Although godly music can have an evangelistic purpose or result (e.g., Psa. 96:1-3; 108:3), it is not used primarily for this in Scripture. In fact, nowhere in the Bible does it say, **"Sing the gospel of Christ." It says to preach it!** God can certainly use music to bring somebody to Christ, but there has to be a presentation of the gospel somewhere along the line. Our music is primarily an expression of a Spirit-filled life, not really intended for the world's consumption. We seem to want so much to sing our songs to the world that we put them in the world's vernacular and think it's going to be evangelistic.

So even if one could find nothing wrong with the **lyrics**, the **score**, the **character**, and/ or the effect of "Christian" rock music, one would still have to question why the modern day, self-proclaimed musical evangelists/ entertainers persist in using their music in endeavors where there is no clear biblical precedent; i.e., although mentioned over 800 times in Scripture, **music is never used for entertainment or for direct evangelism or for any end within itself.** Music in the Bible is used primarily in praise and in worship, either to God (e.g., I Chron. 16:9,23; II Chron. 29:30; Psa. 9:11; 30:4; 33:2,3; 47:6; 135:3; etc.) or to Satan (e.g., Dan. 3:4,5,7, 10,15; Exo. 32:17,18).

- Since the religious rockers almost always maintain that they are simply trying to reach people for Jesus, then why not go totally secular, and leave out the appeal to the church altogether? Why bother with the crowd that's already saved? (Of course, since about 80% of religious rockers' income is derived through Christian bookstores, we already know the answer to that question.) It is our conviction that the religious rockers are not reaching the lost, but are instead making disciples to their rock music from the churched kids attending their concerts or playing their recordings. In fact, there is a good chance that the church could be losing the so-called "found" by bringing rock music into the sanctuary.

Jesus said that when He was lifted up, He would draw all men to Himself. Why then would the Holy Spirit need help today from the world's music in drawing people to Christ? Why do the "musical soul-winners" think they can attract people for God by using the world's standards and the world's music, when the net effect of the music is to basically stir the flesh and the emotions rather than stir a love for God?

**(Con...... in the Next Issue)**

# ബെന്നിഹീൻ: സത്യവും മിഥ്യയും

ബെന്നിഹീന്റെ മിറക്കിൾ ക്രൂസേഡുകളിൽ സംബന്ധിക്കുന്ന ആയിരക്കണക്കിന് ആളുകൾ ആവലാതിപ്പെടുന്നത് അവിടെ ദൈവത്തിന്റെ യഥാർത്ഥ സാന്നിദ്ധ്യം കണ്ടെത്തുവാൻ കഴിയുന്നില്ല എന്നാണ്. അത്ഭുത രോഗശാന്തിയിലൂടെ ദൈവം ശക്തമായി പ്രവർത്തിക്കുന്നതു കാണുവാൻ അവർ ആഗ്രഹിക്കുന്നു, പക്ഷേ ഒന്നും നടക്കുന്നില്ല.

ബെന്നിഹീനിന്റെ ഒരു മിറക്കിൾ ക്രൂസേഡിൽ നേരിട്ടു ഞാൻ പങ്കെടുത്തിരുന്നു. അതിൽനിന്ന് എനിക്കു മനസ്സിലായത് അവിടെ സൗഖ്യമോ സഹായമോ ലഭിക്കുവാനുള്ള അവസരത്തേക്കാൾ കൂടുതൽ മുറിവേല്ക്കപ്പെടുവാനുള്ള സാഹചര്യമാണ് ഉള്ളത് എന്നാണ്. ക്രൂസേഡിൽ ബെന്നിഹീനിന്റെ സ്റ്റേജിന് അടുത്തുപോലും എത്തുവാൻ കഴിയാതിരുന്ന അനേക സ്ത്രീകളും പുരുഷന്മാരും കുട്ടികളും അതീവ ദുഃഖിതരായിരിക്കുന്നത് അവിടെ ഞാൻ കണ്ടു. കൈയ്യൂക്കുള്ളവൻ കാര്യം നേടും എന്ന തത്ത്വത്തിന്റെ വൃത്തികെട്ട പ്രകടനമാണ് അവിടെ കാണുവാൻ കഴിഞ്ഞത്. സ്റ്റേജിന് അടുത്തെത്തി ബന്നിഹീനിന്റെ കാലുകളിൽ വീഴുവാൻ ജനങ്ങൾ ഭ്രാന്തമായി തിക്കിതിരക്കിക്കൊണ്ടിരുന്നു.

ദുഃഖകരമെന്നു പറയട്ടെ വീൽ ചെയറിൽ വന്നവർ വീൽ ചെയറിൽ തന്നെ തിരിച്ചുപോയി. ചിലർ കണ്ണുനീരോടെ മടങ്ങിപ്പോയി. ദൈവം തങ്ങളെ കരുതുന്നില്ല എന്നും തങ്ങളുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുവാൻ ദൈവത്തിനു നേരമില്ല എന്നും അവർക്കു തോന്നിയതായി ചിലർ എന്നോടു പറഞ്ഞു.

സഞ്ചരിക്കുന്ന അത്ഭുത ശുശ്രൂഷാ കച്ചവടം ബന്നിഹീൻ എങ്ങനെ ആരംഭിച്ചു എന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. പ്രതിമാസ ക്രൂസേഡുകൾ രാജ്യത്തുടനീളം നടത്തുവാൻ കർത്താവ് 1990ൽ നേരിട്ട് ആവശ്യപ്പെട്ടപ്പോൾ അത് ആരംഭിച്ചു എന്നാണ് ബെന്നിഹീൻ അവകാശപ്പെടുന്നത്. അതെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറയുന്നു.

പന്തീരായിരത്തിനും പതിനയ്യായിരത്തിനും ഇടക്ക് ആളുകൾ സംബന്ധിച്ച ക്രൂസേഡുകളിൽ രോഗത്തിന്റെയും മറ്റു ബാധകളുടേയും ആത്മാക്കളെ പുറത്താക്കുവാനുള്ള ശക്തി എനിക്കു ലഭിക്കുവാൻ തുടങ്ങി. മാത്രമല്ല അത്രവലിയ ജനക്കൂട്ടത്തിനിടയിൽ ഓരോ രാത്രിയിലും പരിശുദ്ധാത്മാവ് എന്തു ചെയ്യുവാൻ ആഗ്രഹിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളും എനിക്കു ലഭിച്ചു കൊണ്ടിരുന്നു. വീൽ ചെയറും താങ്ങുവടികളും ഉപേക്ഷിച്ചവ ഉൾപ്പെടെയുള്ള സ്ഥിരീകരിക്കപ്പെട്ട അനേക രോഗ സൗഖ്യങ്ങളും ആയിരക്കണക്കിന് ആളുകളുടെ മാനസ്സാന്തരവും അവയിൽ നടന്നു. നിരവധി കുരുടന്മാരും ചെകിടന്മാരും സൗഖ്യം പ്രാപിച്ചതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

വീൽ ചെയറിൽ നിന്ന് ആളുകളെ എഴുന്നേല്പിക്കുകയും അന്ധന്മാർക്കു കാഴ്ച നൽകുകയും ചെകിടന്മാരെ കേൾക്കുമാറാക്കുകയും ചെയ്തു. എന്നുമാത്രമല്ല കുറഞ്ഞത് നാല് എയ്ഡ്സ് രോഗികളെ എങ്കിലും സൗഖ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന് ഹീൻ അവകാശപ്പെടുന്നു. എന്നാൽ ഹിന്നിനു വേണ്ടി സൗഖ്യ വിവരങ്ങൾ രേഖപ്പെടുത്തുന്ന സൂസൻ സ്മിത്തിനെ സമീപിച്ചപ്പോൾ അവർ വിചിത്രമായ രീതിയിൽ ഒഴിഞ്ഞു മാറുകയാണ് ചെയ്തത്.

എയ്ഡ്സിന്റെ കാര്യത്തിൽ പരിശോധനയുടെ പൂർണ്ണഫലം പുറത്തുവന്നിട്ടില്ല എന്നായിരുന്നു അവരുടെ പ്രതികരണം. ഡയബറ്റിസ് മൂലം അന്ധയായ ഒർലോന്റോക്കാരി സ്ത്രീയുടെ കാഴ്ച തിരിച്ചു കിട്ടിയതിനെപ്പറ്റി ചോദിച്ചപ്പോൾ അവരുടെ പേരുപറയുവാൻ സൂസൻ വിസമ്മതിക്കുകയാണ് ചെയ്തത്. മാത്രമല്ല അവർക്ക് ഇപ്പോഴും ഡയബറ്റിസ് ഉണ്ടെന്നും കാഴ്ച മങ്ങിയ നിലയിൽത്തന്നെ ആയിരിക്കാം എന്നും പറയുകയും ചെയ്തു. പരിഹാസ്യമായ നിലയിൽ ഇത് അക്കാര്യത്തെ കൂടുതൽ വഷളാക്കി. അവർ ഇൻസുലിൻ ഉപേക്ഷിക്കേണ്ടിവരും എന്നാണ് എനിക്കു തോന്നുന്നത്. അതാണ് അവരെ അന്ധയാക്കുന്നത് സൂസൻ തുടർന്നു പറഞ്ഞു.

തന്റെ മാതാപിതാക്കൾ വിശ്വാസ പ്രസ്ഥാനക്കാരുടെ നിർദ്ദേശങ്ങൾ വിശ്വസിച്ചതു മൂലം ഡയബറ്റിക് രോഗിയായ വെസ്ലി പാർക്കർ എന്ന ബാലന്റെ ഭയാനകമായ മരണത്തെക്കുറിച്ച് ഈ പുസ്തകത്തിൽ രണ്ടാം ഭാഗത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. വിശ്വാസപ്രസ്ഥാനക്കാർ പറഞ്ഞതുപോലെ അവർ സൗഖ്യം അവകാശപ്പെടുകയും മകന്റെ ഇൻസുലിൻ ദൂരെ എറിയുകയും ചെയ്തു. ഒർലോന്റോക്കാരിയായ സ്ത്രീയും ഇത്തരത്തിലുള്ള തെറ്റായ കണക്കു കൂട്ടലുകൾ നടത്താതിരിക്കട്ടെ എന്ന് ആശിക്കുവാനേ ഒരുവനു കഴിയൂ.

നിങ്ങൾക്ക് തെറ്റു പറ്റരുത്, സൗഖ്യമാക്കുന്ന ദൈവികശക്തിയിൽ ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഹിന്നിലൂടെ ദൈവം രോഗസൗഖ്യം നൽകുന്നതിന് യാതൊരു തെളിവും ഇല്ല എന്നതു ശ്രദ്ധേയമാണ്. ഉദാഹരണത്തിന് നഷ്ടപ്പെട്ട കണ്ണുകളും കാലുകളും തിരിച്ചു കിട്ടി എന്നു പറയുന്നവർ എവിടെ? ബെന്നിഹീൻ അവകാശപ്പെടുന്നതുപോലെ അനേകായിരങ്ങൾക്ക് സൗഖ്യം ലഭിച്ചിട്ടുണ്ട് എന്നതു ശരിയെങ്കിൽ എന്തുകൊണ്ട് സൗഖ്യം പ്രാപിച്ച ഒരു തളർവാത രോഗിപോലും മുമ്പോട്ടു വന്ന് ബെന്നിഹീനിൽ പരിശുദ്ധാത്മാവിന്റെ യഥാർത്ഥ ശക്തി ഉണ്ടെന്നു തെളിവിനായി ലോകത്തോടു വിളിച്ചു പറയുന്നില്ല?

സൗഖ്യം പ്രാപിച്ച നൂറുകണക്കിന് ആളുകളിൽ നിന്ന് മൂന്നുപേരുടെ അനുഭവ സാക്ഷ്യം ക്രിസ്ത്യൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ബന്നിഹീൻ നൽകുകയുണ്ടായി. ഇവരുടെ കാര്യത്തിൽ ഡോക്ടർന്മാരുടെ രേഖകളും ഉണ്ട്. തീർച്ചയായും ബെന്നിഹീനു നൽകുവാൻ കഴിയുന്നതിൽ ഏറ്റവും ശക്തമായതും മെച്ചമായതും ആയ തെളിവുകൾ ഇവ ആയിരിക്കും. എന്നാൽ സീ. ആർ. എൽ. ന്റെ ആരോഗ്യകാര്യ ഉപദേഷ്ടാവായ ഡോക്ടർ പാട്രേഴ്സൺ സിംപ്സൺ എം.ഡി. യുടെ അഭിപ്രായത്തിൽ ഇവ മോശമായി രേഖപ്പെടുത്തപ്പെട്ടവയും ആശയക്കുഴപ്പം ഉളവാക്കുന്നവയും ആണ്.

**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.**

കേസ് -1. ഇതു വൻ കുടലിലെ ക്യാൻസർ ബാധയാണ്. ഇതിന്റെ രേഖകൾ വിശദമായി പരിശോധിച്ചപ്പോൾ ട്യൂമർ അപ്പെന്റിക്സിനോടും എട്ട് ലിംഫ് നോഡുകളോടും ഒപ്പം ഓപ്പറേഷൻ വഴി നീക്കപ്പെട്ടതാണ് എന്നും അത്ഭുതരോഗസൗഖ്യം ആയിരുന്നില്ല എന്നും തെളിഞ്ഞു.

കേസ്-2. ഇത് ചർമ്മാർബ്ബുദ ബാധയും അതോട് അനുബന്ധിച്ചുള്ള അസുഖവും ആണ്. ചർമ്മാർബ്ബുദം വർഷങ്ങളോളം ഒളിഞ്ഞു നില്ക്കും എന്നതിനാൽ അത്ഭുത സൗഖ്യമോ എന്ന് സ്ഥിരീകരിക്കുവാൻ സാദ്ധ്യതയില്ല. അതുകൊണ്ടുതന്നെ താല്പര്യം ഉളവാക്കുന്ന ഒരു കേസ്സാണിത്. ഇക്കാര്യത്തിൽ പരിശോധിക്കുവാൻ കഴിയുന്ന ഒരു കാര്യം രോഗത്തിന്റെ പ്രത്യാഘാതം എന്ത് -- ഈ കേസിൽ സാക്രോലിയാക് ജോയിന്റിന് എത്രമാത്രം നാശം സംഭവിച്ചിട്ടുണ്ട് -- എന്നതാണ്. ഈ രോഗിക്ക് ജോയിന്റിന് സൗഖ്യം ലഭിച്ചിരുന്നില്ല.

കേസ് -3. നട്ടെല്ലിലും മറ്റു ഭാഗങ്ങളിലും ഉള്ള ക്യാൻസർ. ഈ കേസിൽ പ്രശ്നങ്ങൾ ഉണ്ട്. സ്കാനിന്റെ ടേപ്പുകൾ നട്ടെല്ലിന്റെ നില പരിശോധിക്കുവാൻ കഴിയാത്ത വിധത്തിൽ മായിച്ചു കളഞ്ഞിരുന്നു. മാത്രമല്ല ഹിന്നിന്റെ അത്ഭുത രോഗ ശാന്തി റാലിക്ക് മൂന്നു മാസങ്ങൾക്ക് മുമ്പ് നട്ടെല്ലിലെ അർബ്ബുദം ചുരുങ്ങുവാൻ തുടങ്ങിയിരുന്നു എന്നും രേഖകൾ വ്യക്തമാക്കി. അതുമല്ല നടന്നതായി പറയപ്പെടുന്ന അത്ഭുത രോഗശാന്തി നടന്ന് മാസങ്ങൾക്കു ശേഷവും ട്യൂമർ കാണപ്പെട്ടിരുന്നു. സൗഖ്യം പ്രാപിച്ചിരുന്നില്ല.

1993-ൽ പ്രസിദ്ധീകരിക്കുവാൻ പോകുന്ന തന്റെ പുതിയ പുസ്തകത്തിൽ തെളിയിക്കപ്പെട്ട നൂറുകണക്കിന് രോഗസൗഖ്യങ്ങളുടെ ആധികാരികമായ വിവരങ്ങൾ നൽകുമെന്ന് ഹിൻ അവകാശപ്പെടുന്നു. ഓരോ മിറക്കിൾ റാലിയിലും രോഗസൗഖ്യം പ്രാപിച്ചവരുടെ വിവരങ്ങൾ ജീവനക്കാരെ ഉപയോഗിച്ചു ശേഖരിക്കുന്ന ഹിന്നിന് നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല തെളിവുകൾ മേൽ ഉദ്ധരിച്ചവപോലെയുള്ളതായിരിക്കും എന്നത് വ്യക്തമാണ്. അതും റാലി കഴിഞ്ഞ് വർഷങ്ങൾക്കു ശേഷം. അങ്ങനെ നോക്കുമ്പോൾ യഥാർത്ഥമായ രോഗശാന്തി ശുശ്രൂഷയിൽ ബന്നിഹീൻ ഏർപ്പെട്ടിരിക്കുന്നു എന്നതിന് യാതൊരു തെളിവുമില്ല.

ഹിന്നിന്റെ അത്ഭുത രോഗശാന്തി ശക്തി ദൈവത്തിൽ നിന്നു വരുന്നു എന്ന മിഥ്യാധാരണയും അദ്ദേഹത്തിന്റെ ദൈവശാസ്ത്രം പരിശുദ്ധാത്മാവിലൂടെ നല്കപ്പെട്ടതാണ് എന്ന തെറ്റിദ്ധാരണയും വ്യത്യസ്ത വിഷയങ്ങളാണ്. പരിശുദ്ധാത്മനിറവിൽ ആയിരുന്നു എന്ന് അവകാശപ്പെട്ട സമയങ്ങളിൽ ആണ് ഊഹിക്കുവാൻ കഴിയുന്നതിലും അധികമായ വിചിത്ര പ്രസ്താവനകൾ ഹിൻ നടത്തിയിട്ടുള്ളത്. ഉദാഹരണമായി ശരീരത്തിന്റെ വശങ്ങളിൽ നിന്ന് കുഞ്ഞുങ്ങൾക്ക് ജന്മം നൽകത്തക്ക നിലയിൽ ആയിരുന്നു സ്ത്രീകളെ ആദിയിൽ ദൈവം സൃഷ്ടിച്ചത് എന്ന് പരിശുദ്ധാത്മാവ് തനിക്കു വെളിപ്പെടുത്തി എന്ന് അദ്ദേഹം അവകാശപ്പെടുകയുണ്ടായി.

മനുഷ്യൻ കുട്ടി ദൈവമാണ് എന്നു തുടങ്ങിയ ദൈവദൂഷണപരമായ പ്രസ്താവനകളുടെയും ഉത്തരവാദിത്വം പരിശുദ്ധാത്മാവിൽ ആണ് ഹിൻ ആരോപിക്കുന്നത്. കാതറിൻ കൂൾമാന്റെയും എയ്മീ സെമ്പിൾ മെക്ഫേഴ്സന്റെയും അസ്ഥികളിൽ നിന്ന് ശക്തി (അഭിഷേകം) ലഭിക്കുന്നതിനായി അവരുടെ ശവകുടീരങ്ങൾ ഇടക്കിടെ സന്ദർശിക്കാറുണ്ട് എന്ന് ബന്നിഹീൻ സമ്മതിക്കുന്നു. ഒരിക്കൽ അദ്ദേഹത്തിന് ന്യായമായി കൈകാര്യം ചെയ്യുവാൻ കഴിയുന്നതിന് അപ്പുറത്തായിപ്പോയി കാര്യങ്ങൾ. അതെക്കുറിച്ച് ഹീൻ ഇങ്ങനെ പറഞ്ഞു. ഞാൻ ലഹരിയിൽ-- അത്യധികമായി ആത്മലഹരിയിൽ -- ആയിരുന്നു. ഈ അവസരത്തിൽ താൻ എന്താണ് പ്രവചിച്ചത് എന്ന് ഓർക്കുവാൻ പോലും കഴിയാത്ത വിധത്തിൽ ലഹരിക്ക് അടിപ്പെട്ടിരുന്നു ഹീൻ. ദുഃഖകരമെന്നു പറയട്ടെ അഭിഷേകത്തിൽ ആയിരുന്ന താൻ എന്താണ് പറഞ്ഞതെന്ന് കേൾവിക്കാരോട് ചോദിച്ച് മനസ്സിലാക്കേണ്ടിവന്നു ഹിന്നിന്.

സത്യാവസ്ഥ ഇതും ഇതിൽ അപ്പുറവും ആണെങ്കിലും ടി.വി.യിലൂടെയും ഒരു പ്രധാന പ്രസാധകനിലൂടെയും അംഗീകാരം നേടുവാൻ ഹിന്നിനു കഴിഞ്ഞു. പക്ഷേ ഹിന്നിന്റെ പുസ്തകങ്ങൾ കാഴ്ചക്കു ദീർഘമെങ്കിലും ഉള്ളടക്കത്തിൽ ശുഷ്കമായിരിക്കും. ശരിയായ ദൈവ ശാസ്ത്രത്തിൽ ഊന്നിനിന്നുകൊണ്ട് പരിശോധിക്കുന്ന ഏവനും ഹിന്നിന്റെ ആശയങ്ങൾ മിഥ്യ ആയി അനുഭവപ്പെടും.

ഈ ബെന്നിഹീൻ ആരാണ് ? ഓരോ ആഴ്ചയിലും ഏഴായിരത്തിലധികം പേർ പങ്കെടുക്കുന്ന ഫ്ളോറിഡായിലെ ഒർലാന്റോ സഭയുടെ പാസ്റ്ററാണ് അദ്ദേഹം. ടി. ബി. എൻ. ന്റെ കേബിൾ ശൃംഖലയിലൂടെ 16 മില്യൻ പ്രേക്ഷകരെ അഭിസംബോധന ചെയ്യുന്ന വ്യക്തിയാണ് അദ്ദേഹം. പത്തുലക്ഷത്തിൽ അധികം പ്രതികൾ വിറ്റഴിയപ്പെട്ടു എന്നു പറയുന്ന പരിശുദ്ധാത്മാവെ പ്രഭാത വന്ദനം എന്ന തകർപ്പൻ പുസ്തകത്തിൽ തന്റെ കഥ അദ്ദേഹം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും നല്ല പുസ്തകമായ പരിശുദ്ധാത്മാഭിഷേകത്തിന്റെ 7,00,000 കോപ്പികൾ വില്ക്കപ്പെട്ടിട്ടുണ്ടത്രെ.

വിശ്വാസ്യത ഉളവാക്കുന്ന കാര്യത്തിൽ വിദഗ്ധൻ ആണു ബെന്നിഹീൻ. ഉദാഹരണമായി എബ്രായ ഭാഷയിൽ ഒരു വിദഗ്ധൻ ആണെന്നു വരുത്തിത്തീർക്കുവാൻ താൻ യിസ്രായേലിൽ ചിലവഴിച്ച കാലഘട്ടത്തെക്കുറിച്ച് എടുത്തു പറയുന്നു. എന്നാൽ റ്റി.ബി.എൻ. ശൃംഖലയിലൂടെയുള്ള അദ്ദേഹത്തിന്റെ വാചകക്കസർത്ത് ശ്രദ്ധിച്ചിട്ടുള്ള ആരും ആക്കഥ വിശ്വസിക്കുകയില്ല. ആദാമിനു ചന്ദ്രനിലേക്കു പറക്കുവാൻ കഴിയുമായിരുന്നു എന്നു സ്ഥാപിക്കുവാൻ അധികാരം എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്ക് ഹിൻ എങ്ങനെ പ്രയോഗിക്കുന്നു എന്നു നോക്കുക.

പരിശുദ്ധാത്മാവിന്റെ കാര്യത്തിലും ഹിൻ ഇതുതന്നെയാണു ചെയ്യുന്നത്. തനിക്കു രഹസ്യമായ പ്രത്യേക സിദ്ധികൾ ഉണ്ടെന്നുള്ള മിഥ്യാധാരണ തന്റെ പുസ്തകങ്ങളിലൂടെയും ടേപ്പുകളിലൂടെയും ഹിൻ സൃഷ്ടിക്കുന്നു. ഉദാഹരണമായി ഒരിക്കൽ താൻ പതിവുപോലെ പരിശുദ്ധാത്മാവുമായി സംസാരിച്ചു കൊണ്ടിരുന്നസമയത്ത് വീടു തൂത്തു വൃത്തിയാക്കിക്കൊണ്ടിരുന്ന തന്റെ അമ്മ ആ മുറിക്കു പുറത്തുവന്നപ്പോൾ നടന്ന സംഭവം പരിശുദ്ധാത്മാവേ പ്രഭാത വന്ദനം എന്ന പുസ്തകത്തിൽ ഹിൻ വിവരിക്കുന്നു. (സാന്ദർഭികമായി പറയട്ടെ, ഹിന്നിനെ നാം വിശ്വസിക്കുകയാണെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അഞ്ചു മിനിട്ടിനു വേണ്ടി യാചിക്കത്തക്ക നിലയിൽ അവരുടെ സംഭാഷണം അതിപ്രാധാന്യം ഉള്ളതായിരുന്നിരിക്കണം. പരിശുദ്ധാത്മാവ് തന്റെ കൂട്ടായ്മയ്ക്കു വേണ്ടി ദാഹിച്ചു എന്നാണ് ഹിൻ പറയുന്നത്.

ഹിൻ മുറിവിട്ടു പുറത്തേക്കു വന്നപ്പോൾ അദ്ദേഹത്തിൽ നിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന ദൈവിക ശക്തി തന്റെ മാതാവിനെ ഭിത്തിയിലേക്ക് എടുത്ത് എറിയത്തക്ക നിലയിൽ ശക്തമായിരുന്നു. അദ്ദേഹം ഇക്കഥയിലൂടെ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ആരും മറക്കാതിരിക്കുവാൻ അതെക്കുറിച്ച് ഹിൻ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു. എന്റെ അടുത്തു വന്നപ്പോൾ അവർക്കു മനസ്സിലാക്കുവാൻ കഴിയാത്ത ചിലതു സംഭവിച്ചു എന്ന് എന്റെ സഹോദരന്മാർ നിങ്ങളോടു പറയും, അസാധാരണമായ ചിലത് അവർക്ക് അനുഭവപ്പെട്ടു.

തനിക്ക് ദൈവത്തിൽനിന്നുള്ള പ്രത്യേക അഭിഷേകം ഉണ്ടെന്നു സ്ഥാപിക്കുവാൻ ഹിൻ ഉപയോഗിക്കുന്ന രീതികളെക്കുറിച്ച് നിരവധി ഉദാഹരണങ്ങൾ പറയുവാനുണ്ട്.

(അവ അടുത്ത ലക്കത്തിൽ)

RNI No. 68089 / 97
2006 December 16

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

പെന്തക്കോസ്തിലെ തട്ടിപ്പുകാർ പല തരക്കാരാണ്. അവരെ പ്രധാനമായി രണ്ടായി തിരിക്കാം.

1. ഉപദേശപ്പിശകുള്ളവർ
2. ജീവിതപ്പിശകുള്ളവർ

റ്റി.എസ്.ഏബ്രഹാം ഗുരുതരമായ ഉപദേശപ്പിശകുകൾ ഉള്ള വ്യക്തിയല്ല. പക്ഷേ ഒന്നാംതരം ദുർന്നടപ്പുകാരനാണ്. കെ.സി.ജോൺ പ്രോസ്പരറ്റി തിയോളജിയും മറ്റും പറയുമെങ്കിലും മറ്റ് ഉപദേശപ്പിശകുകൾ പറഞ്ഞതായി അറിവില്ല. പക്ഷേ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച നീചനാണ് ഇയാൾ.

ചർച്ച് ഓഫ് ഗോഡിലെ കുഞ്ഞപ്പിക്ക് പണമാണ് ദൈവം. ശാരോനിലെ ടി.ജി.കോശി, ടി.പി.ഏബ്രഹാം തുടങ്ങിയവർ ഒന്നാംതരം കൊള്ളക്കാരാണ്. വൽസൻ തമ്പുരാൻ പിച്ചച്ചട്ടിയിൽ കൈയ്യിട്ടു വാരുന്ന പരമനീചനാണ്. എ.ജിയിലെ ടി.ജെ ശാമുവൽ അഹങ്കാരത്തിന് കൈയ്യും കാലും വെച്ചതാണ്. പക്ഷേ ഇവരാരും ഗുരുതമായ ഉപദേശപിശകുകൾ പ്രചരിപ്പിക്കുന്നില്ല.

അച്ചൻകുഞ്ഞ് ദുർന്നടപ്പുകാരനല്ല. കടുത്ത ദ്രവ്യാഗ്രഹിയല്ല. ചതിയനോ അഹങ്കാരിയോ അല്ല. പക്ഷേ രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ടവന്റെ ഭാവത്തിൽ നടന്ന് ഗുരുതരമായ ഉപദേശപ്പിശകുകൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണ്. രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ഉപദേശപ്പിശകുകളാണ് അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നത്. ഡിഫെൻഡർ അച്ചൻകുഞ്ഞിനെ എതിർക്കുന്നത് ഈ കാരണത്താലാണ്.

അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളിൽ ചിലതിനേക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ എഴുതിയിരുന്നു. ഇനിയും പല കാര്യങ്ങളും എഴുതാനുണ്ട്. എന്നാൽ ഈ ലക്കംകൊണ്ട് ഈ ലേഖന പരമ്പര തത്ക്കാലത്തേക്ക് നിർത്തുകയാണ്. അതിന് ചില കാരണങ്ങളുണ്ട്.

1. അച്ചൻകുഞ്ഞ് ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തിയാണ് എന്ന് ദൈവമക്കളെ അറിയിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ ലേഖന പരമ്പര ആരംഭിച്ചത്. ആ ലക്ഷ്യം സാധിച്ചുകഴിഞ്ഞു. എത്ര പറഞ്ഞാലും മനസ്സിലാകാത്ത ചിലർ ഒഴികെയുള്ളവർക്ക് അച്ചൻകുഞ്ഞിന്റെ തനി സ്വരൂപം മനസ്സിലായിക്കഴിഞ്ഞു. അതുകൊണ്ട് ഇനി ഈ പരമ്പര തുടരേണ്ട ആവശ്യമില്ല.
2. ഇത് കൺവെൻഷൻ സീസണാണ്. അതുകൊണ്ട് സ്വാഭാവികമായും കൂടുതൽ വാർത്തകൾ ഉണ്ടാകും. ഇത്തരം ഒരു സാഹചര്യത്തിൽ അച്ചൻകുഞ്ഞിനുവേണ്ടി ഒരു പേജ് മാറ്റി വെയ്ക്കാൻ ആവില്ല.
3. അച്ചൻകുഞ്ഞ് സ്വന്തം പത്രമായ മരുപ്പച്ചയിലൂടെയാണ് സാധാരണയായി ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നത്. ഇനിയും അത് തുടർന്നാൽ വീണ്ടും അതിനെതിരായി പ്രതികരിക്കുന്നതിന് ബുദ്ധിമുട്ടില്ല. ലേഖന പരമ്പര നിർത്തിയതുകൊണ്ട് വിശേഷിച്ച് ദോഷമൊന്നും വരാനില്ല.
4. അച്ചൻകുഞ്ഞിനേപ്പോലുള്ള വ്യാജ പെന്തക്കോസ്തുകാർ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങൾക്കെതിരെ ഭാവിയിൽ ഒരു സി.ഡിയും ഒരു പുസ്തകവും പുറത്തിറക്കാൻ ഉദ്ദേശ്യമുണ്ട്. ആവശ്യമായ വിശദാംശങ്ങളെല്ലാം അതിൽ ഉൾപ്പെടുത്താൻ കഴിയും.

ഈ കാരണങ്ങളാൽ ഈ ലേഖന പരമ്പര ഈ ലക്കത്തോടെ അവസാനിപ്പിക്കുകയാണ്. ഉപസംഹാരം എന്ന നിലയ്ക്ക്, ഇതുവരെ പറഞ്ഞുവന്നതിന്റെ രത്നച്ചുരുക്കം ഒരിക്കൽക്കൂടി പറയാം.

രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങളാണ് അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നത്. അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്:

1. നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്ന ഏവരും രക്ഷിക്കപ്പെടും.

(അങ്ങനെയെങ്കിൽ അച്ചൻകുഞ്ഞ് അംഗമായിരിക്കുന്ന ഐ.പി.സി. ഉൾപ്പെടെയുള്ള പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ എന്തിന് എന്ന ചോദ്യത്തിന് അച്ചൻകുഞ്ഞ് നാളിതുവരെ മറുപടി പറഞ്ഞിട്ടില്ല).

2. കത്തോലിക്കാസഭ ഉൾപ്പെടെ ഏതു ക്രൈസ്തവ വിഭാഗവും സ്വീകാര്യമാണ്. കാരണം ഈ സഭകളെല്ലാം ക്രിസ്തുവിൽ വിശ്വസിക്കുന്നു.

(ഈ നിലപാട് ശരിയാണെങ്കിൽ അച്ചൻകുഞ്ഞ് എന്തിന് മാർതോമ്മാ സഭ വിട്ട് പെന്തക്കോസ്തിലെത്തി? ഇപ്പോഴാണ് തെറ്റു മനസ്സിലായതെങ്കിൽ പഴയ മാർതോമ്മായിലേക്ക് എന്തുകൊണ്ട് മടങ്ങി പോകുന്നില്ല?)

3. വിശ്വാസസ്നാനം അനാവശ്യമാണ്. വിശ്വസിച്ചവർ സ്നാനമേറ്റേ മതിയാകൂ എന്നില്ല.

(സ്നാനം ആവശ്യമില്ല എ ങ്കിൽ അച്ചൻകുഞ്ഞ് എന്തിന് സ്നാനം ഏറ്റു? ഒരു ആവേശത്തിന് ചെയ്തതാണെങ്കിൽ മറ്റുള്ളവരെങ്കിലും ആ തെറ്റ് ആവർത്തിക്കാതിരിക്കൻ ആവശ്യമായ മുന്നറിയിപ്പ് കൊടുക്കരുതോ?)

3. പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രത്യക്ഷമായ അടയാളം അന്യഭാഷാഭാഷണമാണ് എന്ന നിലപാട് ശരിയല്ല. കെ.ഇ.ഏബ്രഹാം പറഞ്ഞുവെച്ച ഒരു വിഡ്ഢിത്തമാണിത്.

(കെ.ഇ.ഏബ്രഹാമിന് അബദ്ധം പറ്റിയതാണെങ്കിൽ ആ അബദ്ധം തിരുത്തരുതോ? ഐ.പി.സിയുടെ കൗൺസിൽ അംഗമായ അച്ചൻകുഞ്ഞ് ഈ തെറ്റ് തിരുത്താൻ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല?)

4. കത്തോലിക്കർ ഉൾപ്പെടെയുള്ള ക്രൈസ്തവർ ദൈവമക്കളാകയാൽ അവരുമായി കൂട്ടായ്മ ആകാം. ഇത്തരം സഭകളുമായി വേർപാട് ആചരിക്കേണ്ട ആവശ്യമില്ല.

(ഈ വസ്തുത എന്തുകൊണ്ട് അച്ചൻകുഞ്ഞ് ഐ.പി.സി നേതാക്കൻമാരോട് പറയുന്നില്ല? സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ ഇത് മരുപ്പച്ചയിൽ എഴുതുകയും ചെയ്യാമായിരുന്നല്ലോ).

5. നാം ഇന്ന് ഉപയോഗിക്കുന്ന ബൈബിൾ ദൈവവചനമാണെന്നോ അവയിലെ ചട്ടങ്ങളും വിധികളും അനുസരിക്കേണ്ടത് ആവശ്യമാണെന്നോ ശഠിക്കുന്നത് ശരിയല്ല. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ എന്ന വിഷയം ഒഴികെയുള്ള കാര്യങ്ങളൊന്നും ഗൗരവത്തിൽ എടുക്കേണ്ടതില്ല.

(ബൈബിളിൽ വിശ്വാസമില്ലാത്ത അച്ചൻകുഞ്ഞ് എന്തിന് അപ്പോക്രീഫാ പ്രശ്നത്തിൽ അലറിവിളിച്ചു? ബൈബിൾ വിശ്വാസയോഗ്യമല്ലെങ്കിൽ അപ്പോക്രീഫാ ചേർക്കുകയോ ചേർക്കാതിരിക്കയോ ചെയ്യട്ടെ എന്ന് കരുതിയാൽ പോരായിരുന്നോ?)

6. ഉറച്ച കത്തോലിക്കരാണെങ്കിലും ബെന്നി പുന്നത്തറയേപ്പോലുള്ളവർ രക്ഷിക്കപ്പെട്ടവരാണ്. സഭാവ്യത്യാസത്തിന്റെ പേരിൽ അവരെ അകറ്റി നിർത്തേണ്ടതില്ല.

(ബെന്നി പുന്നത്തറ, മദർ തെരേസ തുടങ്ങിയ കത്തോലിക്കർ ദൈവമക്കളാണെന്നും അതുകൊണ്ട് ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകളുടെ നിലപാട് ശരിയല്ല എന്നും തുറന്നു പറയാൻ അച്ചൻകുഞ്ഞ് ധൈര്യം കാണിക്കണം).

7. മഹതിയാം ബാബിലോണുമായി ബന്ധപ്പെട്ട് കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവർ നടത്തിയ പ്രചരണങ്ങൾ ശുദ്ധ അസംബന്ധമാണ്. കത്തോലിക്കാസഭ ദൈവസഭയാണ്. പോപ്പ് ദൈവദാസനുമാണ്.

(കെ.ഇ.ഏബ്രഹാമിന് തെറ്റു പറ്റിയെങ്കിൽ ഈ വൈകിയ വേളയിലെങ്കിലും ആ തെറ്റ് തിരുത്തണം. മഹതിയാം ബാബിലോൺ എന്ന പുസ്തകം പിൻവലിക്കുന്നതായി ഒരു അറിയിപ്പ് ടി.എസ്.ഏബ്രഹാമിനേക്കൊണ്ട് പുറപ്പെടുവിക്കാൻ ശ്രമിക്കണം).

8. സമുദായങ്ങളിലെ തിരുമേനിമാർ ദൈവദാസൻമാരാണ്. ഇവരുമായി പെന്തക്കോസ്തുകാർ സഹകരിച്ച് പ്രവർത്തിക്കണം.

(അച്ചൻകുഞ്ഞ് ഇപ്പോൾ സഹകരിച്ച് പ്രവർത്തിക്കുന്നതുപോലെ ഐ.പി.സി നേതാക്കൻ മാരേക്കൊണ്ടുകൂടി സഹകരിപ്പിക്കാനുള്ള വഴി നോക്കണം)

9. വ്യഭിചാരം പോലുള്ള കാര്യങ്ങൾ ഒരു വ്യക്തിയുടെ സ്വകാര്യ വിഷയമാണ്. അതുകൊണ്ട് ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയവർ വ്യഭിചാരികളാണ് എന്ന കാരണത്താൽ അവരെ അകറ്റി നിർത്തേണ്ടതില്ല. സഭാനേതാക്കൻമാരുടെ ഈ വിധത്തിലുള്ള സ്വകാര്യ വിഷയങ്ങൾ സഭയുമായി ബന്ധപ്പെട്ട കാര്യമല്ല.

(അല്ലേ അല്ല. അതുകൊണ്ടാണല്ലോ വ്യഭിചാരിയായ ടി.എസ്.ഏബ്രഹാം വിരമിച്ചപ്പോൾ അതിലും വലിയ വ്യഭിചാരിയായ കെ.സി.ജോണിനെ ഐ.പി.സിയുടെ പ്രസിഡന്റാക്കിയത്)

10. നിത്യ നരകം എന്നൊന്നില്ല. അത് മനുഷ്യനെ ഭയപ്പെടുത്താനായി ഉപദേശിമാർ പറയുന്ന കെട്ടുകഥയാണ്.

(കാണാൻ പോകുന്ന പൂരം പറഞ്ഞ് അറിയിക്കണോ? നരകം ഉണ്ടോ ഇല്ലയോ എന്ന് അച്ചൻകുഞ്ഞിന് നേരിൽ കണ്ട് ബോദ്ധ്യപ്പെടാമല്ലോ).

പെന്തക്കോസ്ത് ഉപദേശത്തെ ഇതര സഭകളുടെ വിശ്വാസവുമായി വേർതിരിക്കുന്ന എല്ലാ ഉപദേശ സത്യങ്ങളും അച്ചൻകുഞ്ഞ് തിരസ്ക്കരിക്കുന്നു. ഇത്തരത്തിലുള്ള ഒരാൾ ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ കൗൺസിൽ അംഗമാണെന്ന വസ്തുത പരിഗണിക്കുമ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാകുന്നത്. ഇത്തരക്കാരേക്കുറിച്ച് യൂദാ പറയുന്നത് ഇപ്രകാരമാണ്:

‘‘ഇവർ കയീന്റെ വഴികളിൽ നടക്കയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളേത്തന്നെ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു. ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞു കിടക്കുന്ന പാറകൾ. നിങ്ങളോടുകൂടി വിരുന്നു കഴിച്ച് ഭയം കൂടാതെ നിങ്ങളേത്തന്നെ തീറ്റുന്നവർ. കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ. ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുവട്ടം ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ .....’’. ഇത്തരക്കാരെ ദൈവമക്കൾ സൂക്ഷിക്കുക.




**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:
K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**

**WANTED URGENTLY**

- Gypsum Workers
- General Carpenters
- Wall Painters

Company:
Artisans Decor LLC, Dubai

- Electricians
- Electrical Foreman

Company:
Q-Tec Group Limited W.L.L, Doha

**HINNS**
TOURS AND TRAVELS PVT.LTD
15, Hafisha Arcade, Chettiyangadi Jn.,
Trichur, Kerala, India 680 001
Ph: 91-487- 2426345 (D) 2442161 (7 Lines)
2423775 , 2422504, 2442369 Fax: 91-487- 2444275

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan